


2022 ഡിസംബർ 03

സുവിശേഷ സത്യങ്ങൾക്കായി നിലകൊള്ളുന്ന YMEF ദ്വൈവാരിക

# സുവിശേഷധ്വനി

Suviseshadhwani

SUVISESHADHWANI FORTNIGHTLY • REG. NO. RN. 29475/1978, REG. NO. KL/TV (S)/396/2022-24 • VOL. 41. • ISSUE 33 • പുസ്തകം 41 • ലക്കം 33 • പേജ് 6


## ദൈവവിഷയമായി സമ്പന്നനാകാതെ തനിക്കുതന്നെ നിക്ഷേപിക്കുന്നവന്റെ കാര്യം ഇങ്ങനെയാകുന്നു. എങ്ങനെ? (ലൂക്കോ:12:12)

**ജോർജ്ജ് സി. വർഗീസ്, തിരുവനന്തപുരം**

“ഒരു ഉപമയും അവരോടു പറഞ്ഞത്: ധനവാനായൊരു മനുഷ്യന്റെ ഭൂമി നന്നായി വിളഞ്ഞു....... എന്റെ വിളവ് കൂടിവെപ്പാൻ സ്ഥലം പോരാ............. വിചാരിച്ചു......... കളപ്പുരകളെ വലിയവ പണിത് ......... കൂട്ടിവെയ്ക്കും. ......... ആശ്വസിക്ക, തിന്നുക, കുടിക്ക, ആനന്ദിക്ക എന്നു പറയും. ദൈവമോ അവനോട് മൂഢാ, ഈ രാത്രിയിൽ നിന്റെ പ്രാണനെ നിന്നോടു ചോദിക്കും....... തനിക്കു തന്നെ നിക്ഷേപിക്കുന്നവന്റെ കാര്യം ഇങ്ങനെയാകുന്നു” (ലൂക്കോ:12:16-21 വരെ വായിക്കുക)


**പ്രിയരെ ഇവിടെ ഇല്ല എന്നുള്ളതല്ല പ്രശ്നം. ഇന്ന് അനേകമാളുകൾക്ക് ഇല്ല എന്നുള്ളതാണ് പ്രശ്നം. ആഹാരമില്ല, വസ്ത്രമില്ല, നല്ല കിടപ്പാടമില്ല, ജീവിക്കാൻ മാർഗ്ഗമില്ല, നല്ല തൊഴിലില്ല, നല്ല ആരോഗ്യമില്ല, കടം കൂടി കൂടി വരുന്നു,**


ഈ ഉപമയിൽ വളരെ സമ്പന്നനായ ഒരു കൃഷിക്കാരനെക്കുറിച്ചാണ് യേശു പറയുന്നത്. ധനവാനായൊരു മനുഷ്യൻ, ധാരാളം നിലം പുരയിടങ്ങൾ, ഉള്ള ഒരു മനുഷ്യൻ. ഒട്ടേറെ കൃഷി, നല്ല വിളവെടുപ്പ്. അയാളുടെ ഭൂമി നന്നായി വിളഞ്ഞു. നല്ല സമൃദ്ധമായ വിളവെടുപ്പായിരുന്നു. കളത്തിൽ കൊയ്തു കൂട്ടിയതെല്ലാം മെതിച്ച് കൂമ്പാരമായി കൂട്ടി. കുട്ടനാട്ടിലെ പോലയുള്ള ഒരു പതിവ് കാഴ്ച. പതിവുപോലുള്ള പതിരുകേടൊന്നുമില്ല; നല്ല വിളവെടുപ്പ്. പക്ഷേ എവിടെ ഇത് കൂട്ടിവെയ്ക്കും? ഇപ്പോഴുള്ള പത്തായങ്ങളിലും നെല്ലറകളിലും കൊള്ളുകയില്ല. ഇപ്പോൾ ഉള്ളവയിൽ നിറഞ്ഞു കവിഞ്ഞാലും, ശേഖരിച്ച് സൂക്ഷിക്കാൻ ധാരാളം. അവൻ രാത്രി ഉറങ്ങാൻ കിടക്കുകയാണ്, എന്നാൽ ഉറക്കം വരുന്നില്ല.

പ്രിയരെ ഇവിടെ ഇല്ല എന്നുള്ളതല്ല പ്രശ്നം. ഇന്ന് അനേകമാളുകൾക്ക് ഇല്ല എന്നുള്ളതാണ് പ്രശ്നം. ആഹാരമില്ല, വസ്ത്രമില്ല, നല്ല കിടപ്പാടമില്ല, ജീവിക്കാൻ മാർഗ്ഗമില്ല, നല്ല തൊഴിലില്ല, നല്ല ആരോഗ്യമില്ല, കടം കൂടി കൂടി വരുന്നു, രോഗങ്ങൾ വർദ്ധിച്ചുവരുന്നു, എതിർപ്പുകൾ വരുന്നു, സഭയിൽ ഭിന്നതകൾ വരുന്നു, പലർക്കും പല പ്രശ്നങ്ങൾ ഉണ്ട്.

എന്നാൽ ധനവാനായ ഈ മനുഷ്യന് ഈ പ്രശ്നങ്ങൾ ഒന്നും ഇല്ല. ധാരാളം വിളവ് കിട്ടിയല്ലോ എന്നാണ് ആവലാതി. ഇതൊക്കെ എവിടെ കൂട്ടിവെയ്ക്കും. ഇപ്പോഴുള്ള കളപ്പുരകൾ പൊളിച്ചേ പറ്റൂ. അത്യാവശ്യക്കാർക്ക് കുറെ കൊടുത്തുകളയാം എന്നുള്ള ചിന്ത വരുന്നില്ല. പക്ഷേ പുതിയ കളപ്പുരകൾ പണിതേ പറ്റൂ, എന്നതാണ് ഇപ്പോഴത്തെ പ്രശ്നത്തിന് പരിഹാരം. മനസ്സിൽ ചില പ്ലാനുകൾ രൂപപ്പെട്ടു. തീരുമാനിച്ചു കഴിഞ്ഞു. “ഞാൻ ഇതു ചെയ്യും; എന്റെ കളപ്പുരകളെ പൊളിച്ച് അധികം വലിയവ പണിത് എന്റെ വിളവും വസ്തു വകയും എല്ലാം അതിൽ കൂട്ടിവെയ്ക്കും”. ബുദ്ധിമാനായ മനുഷ്യനാണല്ലോ, അങ്ങനെ ചിന്തിച്ച് കിടന്നപ്പോൾ പെട്ടെന്ന് ഓർത്തു: ഞാനൊരു ഭാഗ്യശാലിയാണല്ലോ? എനിക്കെന്തൊരു ഭാഗ്യമാണ് കിട്ടിയത്! ഏറിയ ആണ്ടുകൾക്കും മതിയായ വസ്തുവക ഞാൻ സമ്പാദിച്ചു വച്ചിരിക്കുന്നു. ഒന്നല്ല, രണ്ടല്ല അനേകം വർഷങ്ങൾക്ക്, ഏറിയ ആണ്ടുകൾക്ക് മതിയായ വസ്തുവക! “For many many years” എന്നാണ് English Bible -ൽ. ആഹ്ലാദം ഹൃദയത്തിൽ അലതല്ലുകയാണ്. ഒരു കാര്യം നാം ഓർക്കണം; ധാന്യപ്പുര പൊളിച്ചു പ


▶▶ ശേഷം 4-ാം പേജിൽ


## ദൈവവചനവും നമ്മുടെ കേൾവിയും

**സ്കറിയാ വർഗീസ്, കളമശ്ശേരി**

ദൈവം മനുഷ്യനെ സൃഷ്ടിച്ചപ്പോൾ കാര്യങ്ങളും, കാരണങ്ങളും തിരിച്ചറിയുന്നതിനും, പഞ്ചേന്ദ്രിയങ്ങൾ നൽകി. പഞ്ചേന്ദ്രിയങ്ങളുടെ സ്വഭാവമനുസരിച്ച് എണ്ണത്തിലും വ്യത്യാസമുണ്ട്. കണ്ണുകളും, ചെവികളും ഈരണ്ടും, മൂക്കും നാക്കും ഓരോന്നുമാണ് തന്നിട്ടുള്ളത്. ദൈവം തന്റെ സ്വർഗ്ഗീയ ജ്ഞാനത്താൽ സൃഷ്ടിച്ചപ്പോൾ അതിന്റേതായ പ്രത്യേകതയുണ്ട്. പ്രസിദ്ധ ചിന്തകനായ സിനോ ഇങ്ങനെ എഴുതിയിട്ടുണ്ട്. “നമുക്ക് രണ്ടു ചെവികളും ഒരു നാവും തന്നതിന്റെ പ്രാധാന്യം നാം കേൾക്കുന്നതിന്റെ പകുതി മാത്രമേ സംസാരിക്കുവാൻ പാടുള്ളൂ”. “ഏതു മനുഷ്യനും കേൾപ്പാൻ വേഗതയും, പറവാൻ താമസവും, കോപത്തിന് താമസവുമുള്ളവൻ ആയിരിക്കട്ടെ” (യാക്കോ: 1:19).


**വിശ്വാസികളുടെ സഭാകൂടിവരവുകളിൽ ദൈവസാന്നിദ്ധ്യബോധത്തിലാണിരിക്കുന്നത് എന്ന ചിന്തയോടുകൂടി ഓരോ ശുശ്രൂഷയിലും നാം എത്ര മാത്രം കേൾക്കാറുണ്ട്, ശ്രദ്ധിക്കാറുണ്ട്. നമ്മുടെ ആരാധനാ കൂടിവരവുകൾ ദൈവത്തിന് സൗരഭ്യവാസന ഉയരുന്നതായിരിക്കണം.**


വിശ്വാസികളുടെ സഭാകൂടിവരവുകളിൽ ദൈവസാന്നിദ്ധ്യബോധത്തിലാണിരിക്കുന്നത് എന്ന ചിന്തയോടുകൂടി ഓരോ ശുശ്രൂഷയിലും നാം എത്രമാത്രം കേൾക്കാറുണ്ട്, ശ്രദ്ധിക്കാറുണ്ട്. നമ്മുടെ ആരാധനാ കൂടിവരവുകൾ ദൈ


▶▶ ശേഷം 2-ാം പേജിൽ


### പ്രാർത്ഥിക്കുക... ഒരുങ്ങുക... കടന്നുവരിക....

## വൈ.എം.ഇ.എഫ്. ജനറൽ ക്യാമ്പ് 2023

**ആഗസ്റ്റ് 28, 29, 30, 31 (തിങ്കൾ മുതൽ വ്യാഴം വരെ)**

**ജേക്കബ് പി. മാത്യു (ജനറൽ സെക്രട്ടറി)**

## വൈ.എം.ഇ.എഫ് വടക്കൻവിഭാഗം ട്രസ്റ്റ് അനുധാവന പ്രവർത്തനം-ചത്തീസ്ഖഡ്

ദൈവമക്കളുടെ പ്രാർത്ഥനയാലും സഹകരണത്താലും ചത്തീസ്ഖഡ് സംസ്ഥാനത്ത് ബാലോദ്, ദുർഗ്, രാജ്നന്ദഗാവ് എന്നീ ജില്ലകളിലെ അനുധാവന പ്രവർത്തനം അനുഗ്രഹകരമായി നടന്നു. കേരളത്തിൽ നിന്നും സഹോദരന്മാരായ കെ.സി. സൈമൺ തേശ്ശേരി, ഐ.വി. സാംജി ചിറക്കോട് എന്നിവർ ഒക്ടോബർ 5 ന് തൃശൂർ നിന്നും യാത്ര തിരിച്ച് 6-ാം തീയതി ബാലോദിൽ എത്തിച്ചേർന്നു. തൃശൂർ പഴയത്തൂർപാടം ബ്രദറൺ സഭാംഗമായിരുന്ന സുവിശേഷകൻ പി.ജി. ഉണ്ണികൃഷ്ണൻ 1994 മുതൽ ബാലോദിൽ കുടുംബമായി താമസിച്ച് സുവിശേഷപ്രവർത്തനം നടത്തിവരുന്നു. 100 ൽ അധികം വിശ്വാസികളുള്ള ഒരു സഭ ബലോദിൽ ഉണ്ട്. കൂടാതെ കപ്രീ എന്ന ഗ്രാമത്തിലും ഒരു കൂടിവരവുണ്ട്. ഞായറാഴ്ചകളിൽ രാവിലെ ബാലോദിലും വൈകിട്ട് കപ്രീ ഗ്രാമത്തിലും ആരാധന നടന്നുവരുന്നു. 40 പേരോളം വരുന്ന ഒരു കൂടിവരവ് കപ്രീ ഗ്രാമത്തിലുമുണ്ട്. ലോഹേന്ദ്രസാഹു എന്ന കർത്ത്യദാസൻ കുടുംബമായി ഉണ്ണികൃഷ്ണനോടൊത്ത് കർത്തൃവേലയിലിരിക്കുന്നു. പൗലോസും ബർന്നബാസും എന്ന പോലെ ഇരുവരും ഗ്രാമസുവിശേഷീകരണത്തിൽ സമർപ്പിതരായി മുന്നോട്ടുപോകുന്നു.

7-ാം തീയതി ബാലോദിലും കപ്രിയിലുമുള്ള ദൈവജനത്തെ കൂട്ടിവരുത്തി അനുഗ്രഹീതമായ ഒരു മീറ്റിംഗ് നടത്തുകയുണ്ടായി. അടുത്ത ദിവസം അഞ്ചു ജില്ലകളിലുള്ള 24 സുവിശേഷകന്മാരെ പങ്കെടുപ്പിച്ച് ഒരു മീറ്റിംഗും നടക്കുവാൻ ഇടയായി. ഞായറാഴ്ച ബാലോദിൽ ഒരു സ്നാന ശുശ്രൂഷയ്ക്കും


▶▶ ശേഷം 5-ാം പേജിൽ


## വൈ.എം.ഇ.എഫ് സൗത്ത് ഡിവിഷൻ ക്യാമ്പിനു അനുഗ്രഹകരമായ സമാപനം

വൈ.എം.ഇ.എഫ്. സൗത്ത് ഡിവിഷൻ ട്രസ്റ്റിന്റെ ചുമതലയിൽ വൈ.എം.ഇ.എഫ്. കോട്ടയം സെന്ററിന്റെയും പറുതലമറ്റം ക്രിസ്ത്യൻ ബ്രദറൺ ചർച്ചിന്റെയും സഹകരണത്തിൽ നടത്തപ്പെട്ട സുവിശേഷക്യാമ്പ് അനുഗ്രഹീതമായി സമാപിച്ചു. നവംബർ 17, 18, 19 തീയതികളിലായിരുന്നു ക്യാമ്പ്, ഓരോ ദിവസവും എൺപതോളം സഹോദരന്മാർ പ്രവർത്തങ്ങളിൽ സഹകരിച്ചു. 700-ൽ അധികം ഭവനങ്ങൾ സന്ദർശിച്ച് സുവിശേഷം പങ്കുവെച്ചു. ഇരുപതോളം സ്ഥലങ്ങളിൽ രണ്ട് ടീമുകളായി പരസ്യയോഗങ്ങൾ നടത്തപ്പെട്ടു. പ്രവർത്തനങ്ങളുടെ ഫലമായി 35 പേർ യേശുക്രിസ്തുവിനെ രക്ഷകനും കർത്താവുമായി സ്വീകരിച്ചു. രണ്ടു ദിവസങ്ങളിൽ നടന്ന രാത്രിയോഗങ്ങളിൽ പ്രദേശവാസികൾ ഉൾപ്പടെ വലിയൊരു കൂട്ടം ആളുകൾ പങ്കെടുത്തു. സുവിശേഷകന്മാരായ ചാണ്ടപ്പിള്ള ഫിലിപ്പ്, സജീവ് വർഗീസ് എന്നിവർ സന്ദേശങ്ങൾ നൽകി. സുവിശേഷ ഗായകരായ ജെയിംസ്ജോൺ, ഈട്ടിക്കൽ കുഞ്ഞുമോൻ, അനിൽ ചിങ്ങവനം, അബിയ ആൻ പ്രമോദ് എന്നിവർ ഗാനങ്ങൾ ആലപിച്ചു.

ദൈവജനത്തിന്റെയും ദൈവദാസന്മാരുടെയും സജീവസഹകരണം കൊണ്ട് ശ്രദ്ധേയമായ ക്യാമ്പിൽ വചനപഠനത്തിനും പ്രഭാത ധ്യാനത്തിനും ഗ്രൂപ്പ് പ്രാർത്ഥനയ്ക്കും സമയം വേർതിരിച്ചു. സഭാഹാളിൽ താമസിച്ചുകൊണ്ട് വെള്ളൂര, മീനടം പ്രദേശങ്ങളിൽ പൂർണ്ണമായി സുവിശേഷം എത്തിക്കാൻ ദൈവം കൃപ നൽകി. 19 ന് ഉച്ചയ്ക്ക് നടന്ന സമാപനസമ്മേളനത്തിൽ സഹോദരന്മാരായ വി.എസ്. മാത്യു, ജോയ്ഫിലിപ്പ്, ജോൺ ഫിലിപ്പ്, പ്രമോദ് തോമസ്, ഈട്ടിക്കൽ കുഞ്ഞുമോൻ, ജോർജ്ജ് വി. മാത്യു, അനിൽകുമാർ ചിങ്ങവനം എന്നിവർ സംസാരിച്ചു. തുടർന്ന് സഹോദരന്മാർ കരങ്ങൾ കോർത്ത് കർത്താവിന്റെ വേലയിൽ ഒരുമിച്ച് മുന്നേറുന്നതിന് സമർപ്പണം ചെയ്ത് ഗാനം ആലപിച്ച് പ്രാർത്ഥിച്ച് ക്യാമ്പ് സമാപിച്ചു. ഈ പ്രദേശത്ത് വിതച്ചിരിക്കുന്ന ദൈവവചനം ഫലകരമായി തീരേണ്ടതിന് ദൈവജനം ശ്രദ്ധയോടെ പ്രാർത്ഥിക്കേണമേ. പറുതലമറ്റം സ്ഥലം സഭയുടെ ചുമതലയിൽ അനുധാവന പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ക്യാമ്പിനുവേണ്ടി പ്രാർത്ഥിക്കുകയും പങ്കെടുക്കുകയും സാമ്പത്തികമായി സഹകരിക്കുകയും ചെയ്ത എല്ലാ ദൈവമക്കൾക്കും ദൈവനാമത്തിൽ നന്ദി അറിയിക്കുന്നു.

## യൂത്ത് ക്യാമ്പ് 2023

| | | |
|---|---|---|
| തീയതി | : | ഏപ്രിൽ 13, 14, 15 |
| സ്ഥലം | : | പുത്തൻകാവ് എസ്.ബി.എസ്. ക്യാമ്പ് സെന്ററിൽ |
| തീം | : | നിന്നെത്തന്നെയും ഉപദേശത്തെയും സൂക്ഷിച്ചുകൊള്ളുക |
| ലീഡേഴ്സ് | : | സഹോ. കോശി മാത്യു (മുംബൈ), സഹോ. വർഗ്ഗീസ് കുര്യൻ (കോട്ടയം) ഡോ. ജോൺ എബ്രഹാം (തിരുവനന്തപുരം) |
| പ്രോഗ്രാം | : | ബൈബിൾ ക്ലാസ്, സംഗീതാഭ്യാസനം, വചനധ്യാനം, ബൈബിൾ ക്വിസ്, പാട്ട് മത്സരം എന്നിവ |

സെക്രട്ടറി, ജോയികുമാർ, 9446022942.


എഡിറ്റോറിയൽ പേജ് 2 | 2 ശമുവേൽ പേജ് 3 | ലേഖനം പേജ് 4 | മഹത്വത്തിൽ പേജ് 5 | ചിന്ത പേജ് 6

**SUVISESHADHWANI**
സുവിശേഷ സത്യങ്ങൾക്കായി നിലകൊള്ളുന്ന വൈ.എം.ഇ.എഫ്. ദ്വൈവാരിക
2022 ഡിസംബർ 03/ പുസ്തകം 41 ലക്കം 33

എഡിറ്റോറിയൽ

# തല ഉയർത്തി നോക്കുക

ശിഷ്യന്മാരോട് കർത്താവ് സുഖാർ എന്ന് ശമര്യ പട്ടണത്തിൽ വെച്ച് പറഞ്ഞ വാക്കുകളാണ് യോഹ 4:35 ൽ കാണുന്നത. ഭക്ഷണത്തെപ്പറ്റിയാണ് ശിഷ്യന്മാർ ഭാരപ്പെട്ടിരുന്നത്. പട്ടണത്തിൽ നിന്നും ഭക്ഷണം കൊണ്ടു വന്ന് റബ്ബീ ഭക്ഷിച്ചാലും എന്ന് അവർ ഗുരുവിനോട് പറയുകയായിരുന്നു. എന്നാൽ ഗുരു അവരോട് പറഞ്ഞത് "നിങ്ങൾ അറിയാത്ത ആഹാരം ഭക്ഷിപ്പാൻ എനിക്കുണ്ട്" എന്നായിരുന്നു. എന്നെ അയച്ചവന്റെ ഇഷ്ടം ചെയ്ത് അവന്റെ പ്രവൃത്തി തികയ്ക്കുന്നതാണെന്റെ ആഹാരം എന്ന മഹത്തായ സത്യം അവരേയും നമ്മേയും ഓർമ്മിപ്പിക്കുകയായിരുന്നു കർത്താവ് ചെയ്തത്. എന്താണ് അയച്ചവന്റെ ഇഷ്ടം? വെറുക്കപ്പെട്ടവളായ ശമര്യ സ്ത്രീയെ സുവിശേഷമറിയിച്ച് അവളെ മാനസാന്തരത്തിലേക്ക് നടത്തുക. യഹൂദൻ പോകാൻ ഇഷ്ടപ്പെടാത്ത ശമര്യ പട്ടണത്തിൽ ചെന്നാണ് കർത്താവ് അത് സാധിച്ചത്.

തല ഉയർത്തിനോക്കുക എപ്പോൾ എന്തെല്ലാം കാര്യങ്ങളാണ് നമുക്ക് ചുറ്റും കാണുന്നത്! നമ്മുടെ കൊച്ചുകേരളത്തിൽ എത്ര അതിക്രമങ്ങൾ, ആത്മഹത്യകൾ എല്ലാം നടക്കുന്നു! ഉത്തരഭാരതത്തിലേക്ക് തല ഉയർത്തി നോക്കിയാലോ? ലോകത്തിൽ ഇന്ന് മാതൃഭാഷയിൽ ബൈബിൾ ലഭ്യമല്ലാത്ത 2000 ഭാഷകളുണ്ട്. അതിൽ എൺപതോളം ഭാഷകൾ ഇന്ത്യയിലാണ്. ഉത്തരഭാരതത്തിലെ സുവിശേഷം കേട്ടിട്ടില്ലാത്ത പ്രദേശങ്ങളിൽ കുറെ ട്രാക്റ്റുകളെങ്കിലും വിതരണം ചെയ്യുവാൻ യുവാക്കന്മാർ മുന്നോട്ടുവരുമോ? ജോർജ്ജ് വെർവർ തന്റെ പുസ്തകത്തിൽ ഒരു സംഭവം വിവരിക്കുന്നുണ്ട്. ട്രാക്റ്റുകൾ വീടുതോറും വിതരണം ചെയ്തുകൊണ്ടിരുന്ന ഒരു സഹോദരൻ ഒരു വീട്ടിൽ ചെന്നപ്പോൾ കുറെ നേരം കാത്തുനിൽക്കേണ്ടി വന്നു. പിന്നീട് വീട്ടുകാരൻ ഇറങ്ങിവന്ന് വാതിൽ തുറന്ന് ട്രാക്റ്റ് സ്വീകരിച്ചു. ചില ദിവസങ്ങൾക്കുശേഷം വീണ്ടും ആ ഭവനത്തിൽ ചെന്നപ്പോൾ പെട്ടെന്ന് വാതിൽ തുറന്ന് സഹോദരനെ സ്വീകരിച്ചു

**എന്നെ അയച്ചവന്റെ ഇഷ്ടം ചെയ്ത് അവന്റെ പ്രവൃത്തി തികയ്ക്കുന്നതാണെന്റെ ആഹാരം എന്ന മഹത്തായ സത്യം അവരേയും നമ്മേയും ഓർമ്മിപ്പിക്കുകയായിരുന്നു കർത്താവ് ചെയ്തത്. എന്താണ് അയച്ചവന്റെ ഇഷ്ടം? വെറുക്കപ്പെട്ടവളായ ശമര്യ സ്ത്രീയെ സുവിശേഷമറിയിച്ച് അവളെ മാനസാന്തരത്തിലേക്ക് നടത്തുക. യഹൂദൻ പോകാൻ ഇഷ്ടപ്പെടാത്ത ശമര്യ പട്ടണത്തിൽ ചെന്നാണ് കർത്താവ് അത് സാധിച്ചത്.**

വീടിന്റെ മുകളിൽ കൊണ്ടുപോയി. അവിടെ ഒരു പെട്ടിയും കയറും വെച്ചിരുന്നത് കാണിച്ചു. കഴിഞ്ഞ പ്രാവശ്യം അദ്ദേഹം ട്രാക്റ്റുമായി ആ വീട്ടിൽ ചെന്നപ്പോൾ വീട്ടുകാരൻ ആത്മഹത്യ ചെയ്യുവാൻ ഒരുങ്ങുകയായിരുന്നു. ട്രാക്റ്റു വായിച്ചശേഷം അയാൾ പെട്ടിയുടെ അടുക്കൽ മുട്ടുകുത്തി യേശുകർത്താവിനെ ഹൃദയത്തിൽ സ്വീകരിച്ചു രക്ഷിക്കപ്പെട്ടു. ഒരു ട്രാക്റ്റു വിതരണം ചെയ്തതിൽ കൂടെ സംഭവിച്ച അത്ഭുതം! നമ്മുടെ കേരളത്തിൽ എത്ര ആത്മഹത്യകളാണ് ദിവസംതോറും നടക്കുന്നത്.

രാജസ്ഥാനിൽ എത്ര കോടിക്കണക്കിന് ഗിരിവർഗ്ഗക്കാരാണ് അവരുടെ ഭാഷയിൽ വേദപുസ്തകം ലഭിക്കാതെ ശേഷിക്കുന്നത്! ഓഡ് രജപുത്രർ എന്ന പേരിൽ അറിയപ്പെടുന്ന രാജസ്ഥാനിലെ ഒരു ഗിരിവർഗ്ഗക്കാർ രണ്ടരക്കോടി ഉണ്ട്. 250 ലക്ഷം ആളുകൾ. അവരുടെ ഭാഷയിൽ വേദപുസ്തകമില്ല. വിരലിൽ എണ്ണാവുന്ന ആളുകൾ മാത്രമേ അവരുടെയിടയിൽ നിന്നും രക്ഷാപരിജ്ഞാനത്തിലേക്ക് വന്നിട്ടുള്ളൂ. നിങ്ങൾ അവർക്കുവേണ്ടി പ്രാർത്ഥിക്കുമോ? അവരുടെ ഇടയിലേക്ക് കടന്നുപോകാൻ ചില യുവാക്കന്മാർ മുന്നോട്ടുവരുമോ? ഇങ്ങനെ എത്രയെത്ര ഭാഷ സംസാരിക്കുന്ന ഗിരിവർഗ്ഗക്കാർ ഇന്ന് രാജസ്ഥാനിൽ മാത്രമുണ്ട്. തലപൊക്കി നോക്കിയാൽ ഇതൊക്കെ കാണുവാൻ കഴിയും.

യോനയുടെ കാര്യം നമുക്ക് പരിചിതമാണ്. തീയും ഗന്ധകവും മാത്രമാണ് നിനവേക്കാർ അർഹിച്ചത്. അങ്ങനെ അവർ നശിക്കണമെന്ന് യോന ആഗ്രഹിച്ചു. എന്നാൽ ദൈവം അവനെ നിനവേയിലേക്ക് അയച്ചു. അവർ ആയിരങ്ങൾ അനുതപിക്കുവാൻ ദൈവം യോനയെ ഉപയോഗിച്ചു. തലയുയർത്തി നോക്കി സുവിശേഷവുമായി കടന്നുപോകാൻ യുവാക്കന്മാരെ എഴുന്നേൽപ്പിച്ചെങ്കിൽ! നമുക്ക് പ്രാർത്ഥിക്കാം. കർത്താവ് സഹായിക്കട്ടെ. ആമേൻ.

ഇ.ജെ. പൈലി

## എബൻ-ഏസർ ബ്രദറൺ ചർച്ച് - ചേത്തക്കൽ സുവിശേഷ യോഗങ്ങൾ

**സ്ഥലം : ഇടമുറി വെന്ന്യപ്പാറ സഹോ. തോമസ് വർഗീസിന്റെ ഭവനാങ്കണം**
**സമയം : 2022 ഡിസംബർ 11 , 12 ,13 (വെള്ളി മുതൽ ഞായർ വരെ)**

**പ്രസംഗകർ :** സഹോ. : ജിജി സ്കറിയ (പാലാ)
സഹോ. : ബിജി മാത്യു (കല്ലിശ്ശേരി)
സഹോ.: പി.ജി. ജെയിംസ് (തണ്ണിത്തോട്)

സഭയ്ക്കുവേണ്ടി, ജോർജ് വർഗീസ്

1-ാം പേജ് തുടർച്ച

## ദൈവവചനവും നമ്മുടെ കേൾവിയും

വത്തിന് സൗരഭ്യവാസന ഉയരുന്നതായിരിക്കണം. "നിങ്ങൾ ബുദ്ധിയുള്ള ആരാധനയായി നിങ്ങളുടെ ശരീരങ്ങളെ ജീവനും, വിശുദ്ധിയും ദൈവത്തിന് പ്രസാദവുമുള്ള യാഗമായി സമർപ്പിപ്പീൻ" (റോമ. 1, 2).

ആത്മീയശുശ്രൂഷകളിൽ വചനശുശ്രൂഷകളിലും ദൈവത്തിൽ നിന്നും വചനമായി കേൾക്കുന്നു. ദൈവവചനം നാം അതീവശ്രദ്ധയോടെ കേൾക്കണം. അനാവശ്യമായ ചിന്തകളും സംസാരങ്ങളും ഒഴിവാക്കി ഏകഹൃദയത്തോടെ ദൈവസന്നിധിയിൽ ആയിരിക്കണം. വിത്ത് വിതയ്ക്കുന്നതിനു മുമ്പ് നിലം ഒരുക്കുന്നതുപോലെ നമ്മുടെ മനസ്സും പാകപ്പെടുത്തി എടുക്കണം. സ്വർഗ്ഗത്തിലെ ദൈവത്തിന്റെ വചനമാണ് നാം കേൾക്കുന്നത്. ദൈവം യിസ്രയേൽ ജനത്തിനു ദൈവവചനമാകുന്ന കൽപനകൾ എത്ര വിശുദ്ധിയോടും, തേജസ്സോടും കൂടിയാണ് കൊടുത്തത്. ജനം സീനായി പർവ്വതത്തിന് അടുത്തു വരുന്നതിനു മുമ്പ് തങ്ങളെതന്നെ ശുദ്ധീകരിക്കണം. പർവ്വതത്തിൽ മോശെ ഒഴികെ ആരും കയറരുത്. അങ്ങനെ ചെയ്താൽ അവനെ കല്ലെറിഞ്ഞോ എയ്തോ കൊന്നുകളയണം. ദൈവം വിശുദ്ധനായിരിക്കുന്നതുപോലെ ദൈവവചനവും, വിശുദ്ധമാണ്. "എല്ലാ തിരുവെഴുത്തും ദൈവശ്വാസീയമാകയാൽ ദൈവത്തിന്റെ മനുഷ്യൻ സകല സത്പ്രവൃത്തിക്കും വക പ്രാപിച്ചു തികഞ്ഞവൻ ആകേണ്ടതിനും ഉപദേശത്തിനും ശാസനത്തിനും ഗുണീകരണത്തിനും നീതിയിലെ അഭ്യാസത്തിനും പ്രയോജനമുള്ളതാകുന്നു" (2 തിമൊ. 3:16, 17).

ആരാധനയോഗത്തിനു പോകുന്നതിനു മുമ്പ് എല്ലാവരും നല്ല ഒരുക്കത്തോടെ പോകണം. അതുപോലെ കുഞ്ഞുങ്ങളെ സൺഡേ സ്കൂളിലോ, യോഗങ്ങൾക്കോ പോകുന്നതിനു മുമ്പായി നന്നായി അവരെ തയ്യാറാക്കി വിടണം. ദൈവസന്നിധിയിലേക്കാണ് തങ്ങൾ പോകുന്നത് എന്ന ഭയഭക്തി ബഹുമാനത്തോടെ അവരെ അയയ്ക്കണം. ദൈവത്തിന്റെ ആലയത്തെക്കുറിച്ചുള്ള ബഹുമാനവും മഹത്വവും അവർ ഗ്രഹിക്കണം.

ദൈവവചനം കേൾക്കുന്നതിനും പഠിക്കുന്നതിനും അതീവശ്രദ്ധ ആവശ്യമാണ്. നമ്മുടെ താത്പര്യങ്ങളും, സങ്കീർണ്ണമായ കാര്യപരിപാടികളും ഒഴിവാക്കണം. സഭയിലെ ശുശ്രൂഷകരായ സഹോദരന്മാർ വളരെ ശ്രദ്ധയോടെ കൂടിവരവുകളിൽ പെരുമാറണം. ഇല്ലെങ്കിൽ മറ്റുള്ളവരും അതുപോലെ തന്നെ പെരുമാറാനിടയാകും.

വചനശുശ്രൂഷ ചെയ്യുന്നവർ കേൾക്കുന്നവർക്ക് ശരിയായി ഗ്രഹിക്കത്തക്കവണ്ണം നിർവ്വഹിക്കണം. സമർപ്പണ ബോധത്തോടുകൂടിയും, പ്രാർത്ഥനയോടെയും, പരിശുദ്ധാത്മനിറവോടും കൂടി വേണം ദൈവജനമധ്യത്തിലുള്ള ശുശ്രൂഷ. പ്രസംഗകൻ സ്വർഗീയവെളിച്ചത്തിൽ വേണം ദൈവവചനശുശ്രൂഷകൾ നിർവ്വഹിക്കേണ്ടത്. വചനശുശ്രൂഷകളും ആരാധനയോഗങ്ങൾ പോലെ തന്നെ പ്രാധാന്യമുള്ളതാണ്. ആത്മനിറവോടു കൂടിയ വചനശുശ്രൂഷ കേൾക്കുന്നവരിലും ആത്മീയ ഉണർവ്വുണ്ടാക്കും. യഹോവേ, എന്നോടു സംസാരിക്കണമേ എന്ന ഹൃദയവാഞ്ചയോടുകൂടി വേണം വചനകേൾവി. എന്നാൽ നമ്മുടെ ആത്മീയജീവിതത്തെ ശക്തിപ്പെടുത്തുക തന്നെ ചെയ്യും.

കേൾക്കുന്ന വചനം നമ്മുടെ ജീവിതത്തിൽ അനുദിനം പ്രായോഗികമാക്കണം. "മനുഷ്യൻ അപ്പം കൊണ്ടുമാത്രമല്ല ദൈവത്തിന്റെ വായിൽക്കൂടി വരുന്ന സകലവചനം കൊണ്ടും ജീവിക്കുന്നു" (മത്താ. 4:4). "നമ്മുടെ ആദിമാതാപിതാക്കളായ ആദവും ഹവ്വയും പിശാചിന്റെ വാക്കുകേട്ട് അനുസരിച്ച് പറുദീസ നഷ്ടമാക്കി. നാം ദൈവവചനം കേട്ട് വിശ്വസിച്ചു. സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നതിനിടയായി" (തോമസ് വാട്ട്സൺ). "നിങ്ങൾക്ക് ജീവൻ ഉണ്ടാകേണ്ടതിനു കേട്ടുകൊൾവിൻ" (യെശ. 55:33). ●

## ധ്വനി ബൈബിൾ ക്വിസ് – 34
## രൂത്തിന്റെ പുസ്തകം

1. വീണ്ടെടുപ്പും കൈമാറ്റവും ഉറപ്പാക്കുന്ന വിധം എപ്രകാരമായിരുന്നു?
2. നൊവൊമി മോവാബ് ദേശം വിട്ടുമടങ്ങുവാനുള്ള കാരണമെന്ത്?
3. "ഉത്തമ സ്ത്രീ" എന്നു വിശേഷിപ്പിച്ചിരിക്കുന്നത് ആരെ?
4. യിശ്ശായിയുടെ അപ്പന്റെ പേരെന്ത്?
5. രൂത്ത് പെറുക്കിയ ധാന്യം ഏതായിരുന്നു? അളവ് എത്ര?
6. ബോവസ് രൂത്തിന് ഭക്ഷിപ്പാൻ നൽകിയത് എന്ത്?
7. തന്റെ ജനത്തിന്റെയും തന്റെ ദേവന്റെയും അടുക്കൽ മടങ്ങിപ്പോയത് ആര്?
8. യിസ്രായേൽഗ്രഹം പണിത സ്ത്രീകൾ ആരെല്ലാം?
9. എത്ര നാളുവരെയാണ് രൂത്ത് നൊവൊമിയോടു കൂടെ പാർത്തത്?
10. ബോവസ് എലിമേലക്കിനുള്ളതൊക്കെയും വാങ്ങിയതിന് സാക്ഷികൾ ആരായിരുന്നു?

**ഉത്തരങ്ങൾ ലഭിക്കേണ്ട അവസാന തീയതി ഡിസംബർ 25**

വിലാസം: സ്പർജൻ കെ. ജെ, ബൈബിൾ ഭവൻ,
റസ്സൽപുരം. പി. ഒ., ബാലരാമപുരം , തിരുവനന്തപുരം – 695 501
ഇമെയിൽ : spurjan.kj@gmail.com, വാട്ട്സാപ്പ് നമ്പർ : 9495131875

| | | |
|---|---|---|
| ചീഫ് എഡിറ്റർ | : | സാം സഖറിയ |
| അസോ. എഡിറ്റർ | : | സാമുവൽ തോമസ് |
| മാനേജിംഗ് എഡിറ്റർ | : | ജോയികുമാർ വി.കെ. |
| സർക്കുലേഷൻ മാനേജർ | : | സ്പർജൻ കെ.ജെ. |
| വാർഷിക വരിസംഖ്യ | | |
| ഇന്ത്യയിൽ | : | ₹ 200/- |
| വിദേശങ്ങളിൽ | : | ₹ 3000/- |

വാർത്തകളും രചനകളും ഇ-മെയിൽ വഴിയോ, തപാലിലോ, നേരിട്ടോ ചീഫ് എഡിറ്ററുടെ വിലാസത്തിൽ അയയ്ക്കുക.
വരിസംഖ്യയും സംഭാവനകളും സുവിശേഷധ്വനിയെന്ന് മാത്രമെഴുതി മാനേജിംഗ് എഡിറ്ററുടെ വിലാസത്തിൽ അയ്ക്കുക. പരസ്യങ്ങൾ സ്വീകരിക്കുന്നതല്ല.

**Bank Details:**
Account Name : **Suviseshadhwani**
**CSB BANK**, Thiruvananthapuram Main Branch
Account No: 0096-04073006-195001
IFSC Code : CSBK 0000096

**തിരുമൊഴി**

"ഭോഷനെ നൂറു അടിക്കുന്നതിനെക്കാൾ ബുദ്ധിമാനെ ഒന്നു ശാസിക്കുന്നതു അധികം ഫലിക്കും"
(സദൃ. 17:10)

Every Tribe... Every Language

# സർഗുജിയ

## എന്റെ ജനം പ്രാർത്ഥിക്കുന്നുവെങ്കിൽ

ഇരുപത് ലക്ഷത്തിലധികം ആളുകൾ സംസാരിക്കുന്ന സർഗുജിയ ഭാഷയിലും തിരുവചനമെത്തി. വിക്ലിഫ് ഇന്ത്യയുടെ നേതൃത്വത്തിൽ പരിഭാഷ പൂർത്തീകരിച്ച സർഗുജിയ പുതിയ നിയമം തദ്ദേശീയർക്കായി സമർപ്പിച്ചു.



സെപ്റ്റംബർ 24-ന് ഛത്തീസ്ഗഡിൽ നടന്ന പ്രത്യേക സമർപ്പണസമ്മേളനത്തിൽ വിക്ലിഫ് ഇന്ത്യ ചെയർമാൻ തിമൊഥി ഡാനിയേൽ സർഗുജിയ പുതിയ നിയമവും വിക്ലിഫ് ഇന്ത്യ ട്രഷറർ ഡോ. വിനോദ് ശമുവേൽ ബൈബിൾ ആപ്പും പ്രകാശനം ചെയ്തു. വിക്ലിഫ് ഇന്ത്യ സി.ഇ.ഒ. ജോൺ മത്തായി, ബോർഡ് മെമ്പേഴ്സ്, ഡിപ്പാർട്ടുമെന്റ് കോർഡിനേറ്റേഴ്സ് തുടങ്ങിയവരും പങ്കെടുത്ത പ്രൗഢമായ സമ്മേളനത്തിൽ വിവിധ സഭാമേലദ്ധ്യക്ഷന്മാരും പാസ്റ്റേഴ്സും വിശ്വാസികളും സന്നിഹിതരായിരുന്നു. വടക്കൻ ഛത്തീസ്ഗഡിലും സർഗുജിയ ഡിസ്ട്രിക്ടിലും സമീപപ്രദേശങ്ങളിലുമുള്ള പത്തിലധികം ജനസമൂഹങ്ങളുടെ മാതൃഭാഷയാണ് സർഗുജിയ. ആദിവാസി ഭാഷയായ സർഗുജിയ സംസാരിക്കുന്നവർ തിങ്ങിപ്പാർക്കുന്ന ഏകദേശം രണ്ടായിരത്തിലധികം ഗ്രാമങ്ങൾ ഛത്തീസ്ഗഡിലുണ്ട്. അതുകൂടാതെ പാണ്ടോ, കൊടാകൂ, കിർവാർ തുടങ്ങിയ സമൂഹങ്ങളും ഈ ഭാഷ സർവ്വവ്യാപകമായി ആശയവിനിമയത്തിന് ഉപയോഗിക്കുന്നു. ഇന്നും പുറംലോകവുമായി വലിയ ബന്ധമൊന്നുമില്ലാതെ ജീവിക്കുന്നവരാണ് അവരിൽ പലരും. സമൂഹത്തിന്റെ താഴെത്തട്ടിലുള്ള പന്ത്രണ്ടിൽപരം വ്യത്യസ്ത ഗോത്രക്കാർ ഈ ഭാഷ സംസാരിക്കുന്നുണ്ട്. ഇവരിൽ പലരുടെയും ആചാരങ്ങൾ വ്യത്യസ്തമാണ്. അവരിൽ തന്നെ താണവരും ഉയർന്നവരുമുണ്ട്.

പൊതുവേ ശാന്തശീലരായ സർഗുജിയാക്കാർ തങ്ങളുടെ ഉപജീവനം കണ്ടെത്തുന്നത് കൃഷിയും കൂലിവേല ചെയ്തും വനവിഭവങ്ങൾ ശേഖരിച്ചും കന്നുകാലി വളർത്തിയുമാണ്. പ്രാദേശിക ഭരണകൂടം വിദ്യാഭ്യാസവും സാക്ഷരതയും സർഗുജിയാ ഭാഷക്കാരുടെ ഇടയിൽ പ്രോത്സഹിപ്പിക്കുന്നുണ്ട്. വസ്ത്രധാരണം സാങ്കേതികവിദ്യ, ചിന്താശീലം എന്നിവയിലൂടെ ഈ വിഭാഗം ആധുനിക ജീവിതശൈലികൾ അവലംബിക്കുന്നു. കൂടുതലാളുകളും പരമ്പരാഗതമായി പ്രകൃതിശക്തികളെ ആരാധിക്കുന്നു. അപ്പോൾതന്നെ നാമമാത്രമായി ക്രിസ്ത്യൻ, മുസ്ലീം സാന്നിധ്യവും ഇവിടെയുണ്ട്. വിവിധ ക്രിസ്തീയ സംഘടനകളും സഭകളും സർഗുജാ ഡിസ്ട്രിക്ടിൽ പ്രവർത്തിച്ചുവരുന്നു.

2013-ൽ ദീപക്-മിനി ദമ്പതികൾ തങ്ങളുടെ വിദേശത്തെ ഉന്നതമായ ജോലി രാജിവെച്ച് സർഗുജിയ ഭാഷക്കാർക്ക് ബൈബിൾ നൽകുവാനായി സമർപ്പണത്തോടെ സർഗുജിയ സംസാരിക്കുന്ന ഒരു ഗ്രാമത്തിലെത്തി. തദ്ദേശീയരായ ഒരു കുടുംബത്തോടൊപ്പം ടോയ്‌ലറ്റ് സൗകര്യങ്ങൾ പോലുമില്ലാത്ത വീടിന്റെ ചെറിയ മുറിയിൽ താമസിച്ച് ഭാഷാപഠനവും പരിഭാഷാ പ്രവർത്തനവും ആരംഭിച്ചു. അവരുടെ ആ സമർപ്പണ ജീവിതം മൂലം സർഗുജിയക്കാർക്കും ദൈവവചനം ലഭിക്കുവാൻ മുഖാന്തരമായി. അത് അനേകരുടെ രക്ഷയ്ക്കായി പരിണമിക്കേണ്ടതിന് ആത്മാർത്ഥമായി പ്രാർത്ഥിക്കുക.

സമ്പാദനം : ഇ.ജെ. പൈലി

## കൊട്ടാരക്കര ബ്രദറൺ കൺവൻഷൻ

**സ്ഥലം : ബ്രദറൺ ഗോസ്പൽ ഹാൾ, പുലമൺ, കൊട്ടാരക്കര**

**സമയം : 2023 ജനുവരി 16 -21**

കൊട്ടാരക്കരയിലും പരിസരപ്രദേശങ്ങളിലുമുള്ള എഴുപതിൽപരം സഭകളുടെ സംയുക്താഭിമുഖ്യത്തിൽ പുലമൺ ബ്രദറൺ സഭാഹാളിൽ നടത്തി വരാറുള്ള ബ്രദറൺ കൺവൻഷൻ രണ്ട് വർഷത്തെ ഇടവേളക്കുശേഷം നടത്തുവാൻ കർത്താവിൽ ആശ്രയിച്ച് തീരുമാനിച്ചിരിക്കുന്നു. ഈ ആത്മീയ സംഗമത്തിന്റെ അനുഗ്രഹത്തിനായ എല്ലാ പ്രിയപ്പെട്ടവരുടെയും പ്രാർത്ഥനയും സാന്നിദ്ധ്യവും സഹായസഹകരണവും ദൈവനാമത്തിൽ അഭ്യർത്ഥിക്കുന്നു.

കൺവൻഷൻ കമ്മിറ്റിക്കുവേണ്ടി
ജേക്കബ് ജോർജ് (പബ്ലിസിറ്റി കൺവീനർ), ജോൺസൺ പി. സാം (ട്രഷറർ)
സുവി. ജോൺ വർഗീസ് (ജനറൽ കൺവീനർ)

## അദ്ധ്യായം 23 ശമുവേലിന്റെ 2-ാം പുസ്തകം

**ജെയിംസ് എം. തോമസ്, നെടുമ്പാശ്ശേരി**

> **“യിശ്ശായിപുത്രൻ ദാവീദ് ചൊല്ലുന്നു” (വാക്യം 1); എന്തുകൊണ്ട്? കഴിഞ്ഞ കാലങ്ങളിലെന്നപോലെതന്നെ ദൈവത്തിന്റെ പരിശുദ്ധാത്മാവ് നിയോഗിച്ചതിനാൽ തന്നെ. ശുശ്രൂഷയുടെ തുടക്കവും തുടർച്ചയും അന്ത്യവും ദൈവാത്മ നിറവിലും നിയന്ത്രണത്തിലും ആണ് എന്നത് എത്ര അനുഗ്രഹമാണ്. തുടക്കം പോലെ തന്നെ ഏറെ പ്രാധാനപ്പെട്ട താണ് തുടർച്ചയും ഒടുക്കവും എന്ന് മറക്കരുത്.**

രണ്ടു ഭാഗങ്ങൾ ആയി ഈയദ്ധ്യായത്തെ നമുക്കു വിഭജിക്കാം: ആദ്യഭാഗത്തിൽ ദാവീദിന്റെ സങ്കീർത്തനം (വാക്യങ്ങൾ 1-7 വരെ); രണ്ടാം ഭാഗത്തിൽ ദാവീദിന് ഉണ്ടായിരുന്ന വീരന്മാർ (വാക്യങ്ങൾ 8-39 വരെ).

ആദ്യവാക്യത്തിന്റെ ആരംഭം ശ്രദ്ധിച്ചാലും; “ദാവീദിന്റെ അന്ത്യവാക്യങ്ങളാവിത്:” ജീവിതത്തിലെ അവസാനവാക്കുകൾ എന്നല്ലാ സാഹിത്യപരമായ ശുശ്രൂഷയുടെ അന്ത്യവാക്യങ്ങൾ എന്നർത്ഥം. എത്ര ഫലപ്രദമായി ദാവീദിനെ കർത്താവു ഉപയോഗിച്ചു; ദൈവത്തിന് സ്തോത്രം. ‘അന്ത്യവാക്യങ്ങൾ’ ഉദ്ധരിക്കുമ്പോൾ തുടക്കവും കടന്നുവന്ന വഴികളും ചെയ്തു തീർത്ത ശുശ്രൂഷകളും ദാവീദിന്റെ ഹൃദയത്തിൽ മിന്നിമറഞ്ഞിട്ടുണ്ടാകും. ആദ്യചുവടു വെയ്ക്കുവാൻ മടിച്ചു നിൽക്കുന്നവർക്കു ‘അന്ത്യവാക്യങ്ങൾ’ ഉണ്ടാവുകയില്ല. മുന്നിൽ ഒന്നും കാൺമാനില്ലെങ്കിലും കർത്താവു വിശ്വസ്തൻ എന്നെണ്ണി മുന്നോട്ടുപോകുവാൻ ഹൃദയമൊരുക്കുന്ന ധീരന്മാർക്ക് അവകാശപ്പെട്ടതാണ് ‘അന്ത്യവാക്യങ്ങൾ’. അന്ത്യം നിരാശഭരിതമാകാതിരിക്കുവാൻ ‘ആരംഭങ്ങൾക്കു’ ദൈവകൃപയിൽ ആശ്രയിച്ച് തയ്യാറാകൂ; കർത്താവ് കൂടെയുണ്ട്.

“യിശ്ശായിപുത്രൻ ദാവീദ് ചൊല്ലുന്നു” (വാക്യം 1); എന്തുകൊണ്ട്? കഴിഞ്ഞ കാലങ്ങളിലെന്നപോലെതന്നെ ദൈവത്തിന്റെ പരിശുദ്ധാത്മാവ് നിയോഗിച്ചതിനാൽ തന്നെ. ശുശ്രൂഷയുടെ തുടക്കവും തുടർച്ചയും അന്ത്യവും ദൈവാത്മ നിറവിലും നിയന്ത്രണത്തിലും ആണ് എന്നത് എത്ര അനുഗ്രഹമാണ്. തുടക്കം പോലെ തന്നെ ഏറെ പ്രാധാനപ്പെട്ടതാണ് തുടർച്ചയും ഒടുക്കവും എന്ന് മറക്കരുത്.

ദൈവാത്മനിറവിലാണ് ദാവീദിന്റെ അന്ത്യവാക്യങ്ങളും എന്ന് 2, 3 വാക്യങ്ങളിൽ നിന്നും തികച്ചും വ്യക്തമാണ്; “യഹോവയുടെ ആത്മാവ് എന്നിൽസംസാരിക്കുന്നു; അവന്റെ വചനം എന്റെ നാവിന്മേൽ ഇരിക്കുന്നു; യിസ്രായേലിന്റെ ദൈവം കൽപ്പിച്ചു: യിസ്രയേലിൻപാറഎന്നോട് അരുളിചെയ്തു:” ഒരു ദൈവപൈതലിനോട് അവന്റെ ഉള്ളിൽ വസിക്കുന്ന ദൈവാത്മാവ് തീർച്ചയായും സംസാരിക്കും (കേൾക്കാൻ ചെവി ചായിക്കാറുണ്ടോ?) കർത്താവിന്റെ ആത്മാവിന്റെ ശബ്ദം കേട്ടനുസരിക്കുന്നവന്റെ നാവിൽ ദൈവവചനം ഉണ്ടായിരിക്കും; ദാവീദിനോട് യിസ്രായേലിന്റെ ദൈവം അരുളിച്ചെയ്തതുപോലെ നമ്മോടും കൽപ്പിക്കയും അരുളി ചെയ്കയും ചെയ്യും. ഈ അനുഭവങ്ങൾ എത്ര ധന്യമാണ്! പ്രിയനെ, താങ്കൾക്ക് ഈ അനുഭവങ്ങൾ ആത്മാർത്ഥമായും സത്യസന്ധമായും അനുഭവിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്താനാകുമോ?

ദാവീദിനോട് യഹോവയുടെ ആത്മാവ് ത്രിവിധ കാര്യങ്ങൾ സംസാരിച്ചു: ഒന്ന്- മശിഹയെക്കുറിച്ച് (അവിടുത്തെ രാജത്വത്തെക്കുറിച്ച്) വാക്യങ്ങൾ 3, 4; “മനുഷ്യരെ നീതിമാനായി ഭരിക്കുന്നവൻ, ദൈവഭയത്തോടെ വാഴുന്നവൻ, മേഘമില്ലാത്ത പ്രഭാതകാലത്ത് സൂര്യോദയത്തിങ്കലെ പ്രകാശത്തിനു തുല്യൻ”. യെശയ്യാവ് 9:6, 7 വാക്യങ്ങൾ കൂടെ ചേർത്തു ചിന്തിച്ചാലും. എത്ര അത്യുന്നതനും അതിശ്രേഷ്ഠനും ഉത്തുംഗപ്രതാപവാനും ആണ് നമ്മുടെ രാജാധിരാജാവ്! സ്തോത്രം. നാം അവിടുത്തെ ആക്ഷരികവാഴ്ചയ്ക്കായി കാത്തിരിക്കുന്നവരാണ്. രണ്ട്- അഞ്ചാം വാക്യത്തിൽ ദൈവം തനിക്ക് നൽകിയ വാഗ്ദത്തത്തെ (2 ശമു.7:12-16) ‘ശാശ്വതനിയമം’ എന്ന് ദാവീദ് എടുത്തു പറയുന്നു. ദാവീദിന്റെ തലമുറ ദൈവത്തോട് അവിശ്വസ്തത കാണിച്ചുവെങ്കിലും ദൈവം എന്നെന്നും വിശ്വസ്തൻ ആണ്. ദാവീദിന്റെ സന്തതിയായ മശിഹ എത്ര വിശ്വസ്തൻ; സ്തോത്രം. മൂന്ന്- 6, 7 വാക്യങ്ങളിൽ നീചന്മാർക്കുള്ള ശിക്ഷ (മശിഹയാൽ ഉള്ളത്) ദർശിക്കുന്നു.

8-39 വരെയുള്ള തിരുവചനഭാഗത്തിൽ ദാവീദിന് ഉണ്ടായിരുന്ന വീരന്മാരെ കാണുന്നു (അവരുടെ പേരുകളും വീര്യപ്രവർത്തികളും). പ്രാണൻ നൽകി തന്നോടൊപ്പം പോരാട്ടങ്ങളിൽ നിലകൊണ്ട വീരന്മാരെ ദാവീദ് ഒരിക്കലും മറന്നില്ല എന്നതിന്റെ വ്യക്തമായ തെളിവാണ് ഈ വേദഭാഗം. കാലാകാലങ്ങളിൽ തനിക്കായി നിലകൊണ്ട വീരന്മാരെ ദൈവം ഒട്ടും മറക്കുന്നില്ല എന്നതിന്റെ നേർക്കാഴ്ചയാണല്ലോ എബ്രായർ പതിനൊന്നാം അദ്ധ്യായം? എബ്രായർ 11-ൽ കാണാത്ത നിരവധി വിശ്വാസവീരന്മാരുടെ പേരുകൾ കർത്താവിന്റെ പക്കൽ ഉണ്ട്. താങ്കളുടെ പേര് ആ പട്ടികയിൽ കാണുമോ? ഇന്ന് കർത്താവിനായി വിശ്വസ്തതയോടെ പോരാടിയാൽ മാത്രമേ പട്ടികയിൽ ഇടം പിടിക്കാൻ സാധിക്കൂ.

വളരെ ശ്രദ്ധേയമായ ഒരു വസ്തുതയും ദാവീദിന്റെ വീരന്മാരുടെ പട്ടികയിൽ കാണാം. യോവാബിനെയും അബ്നേരിനെയും അമാസയെയും കാണുന്നില്ല. ദാവീദിനുവേണ്ടി ഏറെ യുദ്ധങ്ങൾ യോവാബ് നയിച്ചിട്ടുണ്ട്; എന്നിട്ടും? അബ്ശാലോമിനെ ദാവീദിന്റെ കൽപന ധിക്കരിച്ച് വധിച്ചത് ഒരു പ്രധാന കാരണമായി ചിന്തിക്കാം; ഒപ്പം അബ്നേർ, അമാസ എന്നിവരുടെ കൊലപാതകങ്ങളും..... തന്റെ മകനായ ശലോമോൻ രാജാവിനു ദാവീദ് കൊടുക്കുന്ന കൽപനയിൽ ഇക്കാര്യം വ്യക്തമാണല്ലോ? (1 രാജാക്കന്മാർ 2: 5, 6). രാജകൽപനയനുസരിച്ച് പ്രവർത്തിച്ചിരുന്നെങ്കിൽ ചിത്രം മറ്റൊന്നായേനേം. കൊരിന്ത്യർ 9:24 -ൽ ദൈവാത്മാവ് നൽകുന്ന മുന്നറിയിപ്പ് ശ്രദ്ധിച്ചാലും; “നിങ്ങളും പ്രാപിപ്പാൻ തക്കവണ്ണം ഓടുവിൻ” നമ്മുടെ രാജാധിരാജാവും കർത്താധികർത്താവുമായവന്റെ കൽപനയ്ക്കനുസരിച്ച് ആത്മീകയുദ്ധം ചെയ്തില്ലെങ്കിൽ ഒടുവിൽ നിരാശരാകും എന്ന പ്രബോധനം ചെവിക്കൊള്ളണം. 1 തിമൊഥെയൊസ് 2:5 കൂടി ശ്രദ്ധയിൽപ്പെടത്തട്ടെ; “ഒരുത്തൻ മല്ലു കെട്ടിയാലും ചട്ടപ്രകാരം പോരായ്കിൽ കിരീടം പ്രാപിക്കയില്ല”.

ദാവീദിനുണ്ടായിരുന്ന വീരന്മാരെ ശ്രദ്ധിച്ചാൽ: എണ്ണൂറു പേരെ ഒരേ സമയത്ത് ആക്രമിച്ചു കൊന്നവൻ, യിസ്രായേല്യർ പൊയ്ക്കളഞ്ഞപ്പോൾ ദാവീദിനോടു കൂടെ നിന്ന് ഫെലിസ്ത്യരെ വെല്ലുവിളിച്ച് കൈതളർന്നു വാളോടു പറ്റിപ്പോകുംവരെ ഫെലിസ്ത്യരെ വെട്ടിയവൻ, ചെറുപയർ ഉള്ളോരു വയലിൽ കവർച്ചയ്ക്ക് ഫെലിസ്ത്യർ വന്നപ്പോൾ ഏകനായി വയലിന്റെ നടുവിൽ നിന്ന് അതിനെ കാത്ത് ഫലിസ്ത്യരെ വെട്ടിയവൻ, പ്രാണനെ ഉപേക്ഷിച്ച് ഫെലിസ്ത്യകാവൽപ്പട്ടാളം ഉണ്ടായിരുന്ന ബേത്‌ലഹേം പട്ടണവാതിൽക്കലെ കിണറ്റിൽ നിന്നും വെള്ളം ദാവീദിനു കൊണ്ടുകൊടുത്ത മൂന്നു വീരന്മാർ..... തീർന്നില്ല, ചരിത്രം തുടരുകയാണ്. ഇവരെ ദാവീദ് എങ്ങനെ മറക്കും? നമ്മുടെ അതിവിശ്വസ്തനായ കർത്താവ് തനിക്കായി അദ്ധ്വാനിക്കുന്ന ആത്മികപോർവീരന്മാരെക്കുറിച്ച് രേഖപ്പെടുത്തുന്നുണ്ട്; ഒരു നാളിൽ തീർച്ചയായും അവർ ആദരിക്കപ്പെടും.

ദാവീദിന്റെ വീരന്മാരുടെ വിജയത്തിന്റെ രണ്ടു പ്രധാന കാരണങ്ങൾ: ഒന്ന് - “യഹോവ വലിയൊരു ജയം നൽകി” (വാക്യം 10, 12). ആത്മികവിജയങ്ങളും കർത്താവിനാൽ മാത്രം. ഇക്കാര്യം നന്നായി അറിയാവുന്നതിനാൽ സങ്കീർത്തനങ്ങൾ 18:29-ൽ ദാവീദ് പാടി; “നിന്നാൽ ഞാൻ പടക്കൂട്ടത്തിന് നേരെ പാഞ്ഞുചെല്ലും; എന്റെ ദൈവത്താൽ ഞാൻ മതിൽ ചാടിക്കടക്കും”. രണ്ട്-ദാവീദിനോടുള്ള സ്നേഹം. കർത്താവിനോടുള്ള തികഞ്ഞ സ്നേഹത്തിൽ നിന്ന് നാം കർത്താവിന്റെ വേല ചെയ്യുമ്പോൾ വലിയ വിജയങ്ങൾ കർത്താവു നൽകും. ●

1-ാം പേജ് തുടർച്ച

# ദൈവവിഷയമായി സമ്പന്നനാകാതെ തനിക്കുതന്നെ നിക്ഷേപിക്കുന്നവന്റെ കാര്യം ഇങ്ങനെയാകുന്നു. എങ്ങനെ? (ലൂക്കോ:12:12)

ണിയുന്നതിനുള്ള ഭാരിച്ച ചെലവ്. മറ്റൊരു നിലയിൽ പറഞ്ഞാൽ, കഷ്ടപ്പെടുന്നവരുടെ ലോകത്തിൽ അനേകരുടെ ആത്മീയവും ശാരീരികവുമായ വിശപ്പിന്റെ ശമനത്തിനുവേണ്ടി വേണമെങ്കിൽ അവനുപയോഗിക്കാമായിരുന്നു. "ദരിദ്രരുടെ മടി, വിധവകളുടെ ഭവനം, ശിശുക്കളുടെ വായ് ഇതത്രേ എന്നേയ്ക്കുമായി നിലനിൽക്കുന്ന കളപ്പുരയായി കർത്തൃദാസൻ Ambrose പറഞ്ഞിരിക്കുന്നത് (William Macdonald)

എനിക്ക് ആശ്വസിക്കാമല്ലോ, തിന്നാമല്ലോ, കുടിക്കാമല്ലോ ആനന്ദിക്കാമല്ലോ എന്നിങ്ങനെ ചിന്തിച്ച് ചിന്തിച്ച് കിടന്നപ്പോൾ എപ്പോഴോ ഒന്ന് മയങ്ങി, പെട്ടെന്ന് ഞെട്ടിയുണർന്നു (എന്റെ ഭാവനയിലെ ചില കാര്യങ്ങൾ കൂടെ ചേർത്ത് വിശദീകരിക്കട്ടെ) എന്താണിപ്പോൾ ഒരാവി, കഠിനമായി വിയർക്കുന്നല്ലോ, ശബ്ദം പുറത്തുവരുന്നില്ല. ആരെയെങ്കിലും ഒന്നു വിളിക്കാം; പക്ഷേ പറ്റുന്നില്ല, ശബ്ദം പുറത്തു വരുന്നില്ല.

ഇപ്പോൾ വിളവിന്റെ കാര്യം ചിന്തയില്ല, വസ്തുവകകളുടെ കാര്യം ചിന്തയില്ല, പുതിയ കളപ്പുര പണിയുന്നതിനെപ്പറ്റി ചിന്തയില്ല, പത്തായങ്ങൾ പോര എന്ന ചിന്തയില്ല, ഏറിയ വസ്തുവക സ്വരൂപിച്ചുവെച്ചിരിക്കുന്നു എന്ന ചിന്തയില്ല; പക്ഷേ വിയർപ്പു കൂടി കൂടി വരുന്നു. തല ചുറ്റുന്നുണ്ടോ? എന്താണ് വലിയൊരു സംഭ്രമം? അപ്പോൾ കേൾക്കാം ഒരു ശബ്ദം. 'മൂഢാ' ആരാണീ വിളിക്കുന്നത്? "മൂഢാ ഈ രാത്രിയിൽ നിന്റെ പ്രാണനെ ചോദിക്കും" ചോദിച്ചാൽ എന്നല്ല ചോദിക്കും. മരിക്കാൻ പോവുകയാണെന്ന് മനസ്സിലായി. തീരാൻ പോവുകയാണ്. "മൂഢാ ഈ രാത്രിയിൽ നിന്റെ പ്രാണനെ നിന്നോടു ചോദിക്കും". പിന്നെ നീ ഒരുക്കിവെച്ചത് ആർക്കാകും.

പ്രിയരെ മരണം എപ്പോഴെന്ന് ആർക്കും അറിഞ്ഞുകൂടാ. മരണം എങ്ങനെ എന്ന് ആർക്കും അറിഞ്ഞുകൂടാ. മനുഷ്യജീവിതം എത്ര ക്ഷണികമാണെന്ന് പലപ്പോഴും നാം ഓർക്കാറില്ല. എന്തുണ്ട് ഈ ലോക ജീവിതം! സംശയമുണ്ടെങ്കിൽ ഈ കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ നമ്മുടെ അറിവിലും അല്ലാത്തവരുമായി എത്ര പേരാണ് മരണം വഴിയായി ഈ ലോകം വിട്ടത്! പ്രായഭേദമന്യേ എത്രയോ അനേകർ മൺമറഞ്ഞു. ഈ സാഹചര്യത്തിൽ നമുക്ക് ഇനിയും വഴക്കടിക്കാൻ നേരമുണ്ടോ? നമുക്ക് പിണങ്ങി ഇരിക്കാൻ പറ്റുമോ? നമുക്ക് ഭിന്നിച്ചിരിക്കേണ്ട അവസ്ഥയിൽ കഴിയണമോ? വീട്ടിലും, സഭയിലും കലഹമുണ്ടാക്കാൻ പറ്റുമോ?

വളരെ വിദഗ്ദനായ, സുപ്രസിദ്ധനായ ഒരു ഡോക്ടർ ഒരിക്കൽ പറഞ്ഞു. ഒരു പ്രത്യേക രോഗവും നേരത്തെ ഉണ്ടായിരിക്കണമെന്നില്ല, ഒരു പ്രത്യേകരോഗലക്ഷണവും ഉണ്ടാകണമെന്നില്ല, ഒരു സെക്കന്റുകൊണ്ട് അപ്രതീക്ഷിതമായി മരണം സംഭവിക്കാവുന്നതേയുള്ളൂ. നമ്മുടെ ഓർമ്മയിൽ തന്നെ ഇപ്രകാമുള്ള മരണങ്ങൾ ഉണ്ടല്ലോ!

**ഭക്തനായ സാധുകൊച്ചുകുഞ്ഞ് ഉപദേശി പാടി;**

ആരു സഹായിക്കും ലോകം തുണയ്ക്കുമോ,
ജീവൻ പോയിടുമ്പോൾ ആശ്രയമാരുള്ളൂ
സ്നേഹിതന്മാർ വന്നാൽ ചേർന്നരികിൽ നിൽക്കും
ഖേദം പൂണ്ടെല്ലാരും കണ്ണുനീർ തൂകിടും
ജീവന്റെ നായകൻ ദേഹിയെ ചോദിച്ചാൽ
ഇല്ലില്ലെന്നോതുവാൻ ഭൂതലേയാരുള്ളൂ?

ജീവന്റെ നായകൻ പ്രാണനെ ചോദിച്ചാൽ ഇല്ല, ഇപ്പോൾ തയ്യാറല്ല എന്നുപറയാൻ ആർക്കാണ് സാധിക്കുക? മരണദൂതൻ പിടികൂടാൻ വരുമ്പോൾ ഒരുങ്ങിയില്ലല്ലോ എന്ന് പറയാൻ പറ്റുകയില്ലല്ലോ. പ്രിയരെ, നാം ഇന്ന് വസിക്കുന്ന ഭൂമിയിൽ ഒരു നൂറു വർഷങ്ങൾക്ക് മുമ്പ് നാം ആരെങ്കിലും ഉണ്ടായിരുന്നോ? അല്ല ഒരു നൂറു വർഷത്തിനുശേഷം നാം ആരെങ്കിലും ഉണ്ടായിരിക്കുമോ? എത്ര പെട്ടെന്നാണ് പ്രിയപ്പെട്ടവർ കടന്നുപോകുന്നത്. "ജീവന്റെ നായകൻ ദേഹിയെ ചോദിച്ചാൽ ഇല്ല, ഇല്ല എന്നോതുവാൻ ഭൂതലേയാരുള്ളൂ"? ഏവരും താൻ ചെയ്ത പ്രവർത്തികൾക്ക് ഒത്തതുപോലെ പ്രാപിപ്പാൻ നിത്യതയിലേക്ക് മാറ്റപ്പെടും

ഒരു ദിവസം നമ്മുടെ ശരീരം ചേതനയറ്റ് കിടക്കും. ഏവിടെയെല്ലാം സഞ്ചരിച്ച ശരീരമാണിത്! ഏതെല്ലാം പ്രദേശങ്ങൾ, ഏതെല്ലാം രാജ്യങ്ങൾ കണ്ട ശരീരം, അത് നിശ്ചലമായി കിടക്കും. പ്രിയപ്പെട്ടവർ ദുഃഖത്തോടെ നിൽക്കും. ഓമനക്കുഞ്ഞുങ്ങൾ വന്നു നിൽക്കും. ഭാര്യ അല്ലെങ്കിൽ ഭർത്താവ്, ബന്ധത്തിൽപ്പെട്ടവർ, സ്നേഹതിന്മാർ, സുഹൃത്തുക്കൾ, കൂടെ ജോലി ചെയ്തവർ, കൂടെ പഠിച്ചവർ എല്ലാവരും വിഷാദ വിവശരായി നിലക്കും. ഞാൻ എന്നു പറയുന്ന മനുഷ്യൻ നിത്യതയിലേക്ക് മാറ്റപ്പെട്ടുകഴിഞ്ഞിരിക്കുന്നു. അതുകൊണ്ട് ഇന്ന് നാം ഈ ഭൂമിയിൽ ജീവിച്ചിരിക്കുമ്പോൾ, മരണത്തെ നേരിടാൻ ഒരുങ്ങേണ്ടതാണ്. അതാണ് വെളിപാടു പുസ്തകത്തിൽ കാണുന്നത്.

"ഞാൻ സ്വർഗ്ഗത്തിൽ നിന്ന് ഒരു മഹാശബ്ദം പറയുന്നതായി കേട്ടത് എഴുതുക: ഇന്നു മുതൽ കർത്താവിൽ മരിക്കുന്ന മൃതന്മാർ ഭാഗ്യവാന്മാർ" വെളി: 14:13. ക്രിസ്തുവിൽ ജീവിക്കുന്നവർക്ക് മാത്രമേ ക്രിസ്തുവിൽ മരിക്കാൻ സാധിക്കുകയുള്ളൂ.

നാം ഇന്ന് ക്രിസ്തുവിലായോ? എന്നതാണ് അതിപ്രധാനമായ ചോദ്യം. എന്റെ രക്ഷയ്ക്കായിട്ട്, നമ്മെ ഓരോരുത്തരെയും സ്വർഗ്ഗരാജ്യത്തിന്റെ അവകാശികളാക്കി തീർക്കുവാൻ, രക്ഷകൻ സ്വർഗ്ഗത്തിൽ നിന്ന് ഭൂമിയിലേക്ക് ഇറങ്ങിവന്ന് ക്രൂശിൽ മരിച്ചു. ഈ ക്രിസ്തു നമ്മുടെ ഹൃദയത്തിലേക്ക് വന്നാൽ, ഹൃദയത്തിലുള്ള തിന്മ എല്ലാം മാറും, പാപം മാറും, ദുശ്ശീലം മാറും, ദുസ്വാഭാവം മാറും, കോപം മാറും, വൈരാഗ്യം മാറും, വിദ്വേഷം മാറും, സകല ദോഷങ്ങളും മാറും. ഈ ക്രിസ്തുവിനെ രക്ഷിതാവും കർത്താവുമായി സ്വീകരിപ്പാൻ ഇതുവരെ സാധിക്കാത്ത പ്രിയ വായനക്കാർക്കേവർക്കും ദൈവം കൃപ ചെയ്യുമാറാകട്ടെ.

എന്തുകൊണ്ടാണ് ധനവാനായ മനുഷ്യനെ ദൈവം മൂഢാ എന്നു വിളിച്ചത്? ഒന്നാമതായി ഇവിടെ തന്നെ പറയുന്നുണ്ട്, "ദൈവവിഷയമായി സമ്പന്നനാകാതെ തനിക്കു തന്നെ നിക്ഷേപിക്കുന്നവന്റെ കാര്യം ഇങ്ങനെയാകുന്നു"-. അവൻ ദൈവിഷയമായി സമ്പന്നനായില്ല. ഭൂമിയിൽ സമ്പന്നനായി. സമ്പത്ത് പാപമല്ല. ദരിദ്രനായി ജീവിക്കണമെന്ന് ദൈവം ആരേക്കുറിച്ചും ആഗ്രഹിക്കുന്നില്ല. നല്ലതുപോലെ പഠിക്കാം. നല്ല നിലയിൽ പാസ്സാകാം. നല്ല ജോലി നേടാം. ഉയർന്ന ശമ്പളം വാങ്ങാം. ബാങ്ക് ബാലൻസ് ഉണ്ടോ? അതും നല്ലത്. എന്നാൽ നീ ദൈവവിഷയമായി സമ്പന്നൻ ആയിക്കൊള്ളണം, എന്നാണ് ദൈവം പറയുന്നത്. ഈ മനുഷ്യനെ മൂഢാ എന്നു വിളിക്കാനുള്ള കാരണം എന്തൊക്കയാണ്? ഒന്നാമത്തെ കാരണം He was not God concious, He was not Concious of God അവൻ ദൈവത്തെക്കുറിച്ച് ബോധവാനായിരുന്നില്ല; ദൈവത്തെക്കുറിച്ച് ചിന്തയില്ലായിരുന്നു, ദൈവബോധമില്ലായിരുന്നു. ദാവീദ് ഒരിക്കൽ പറഞ്ഞു. stand in awe and sin not ഭയത്തോടും വിറയലോടും കൂടെ നിൽപ്പിൻ, പാപം ചെയ്യരുത്. സങ്കീ: 4:4 നടുങ്ങുവിൻ, പാപം ചെയ്യാതിരിപ്പിൻ "stand in awe and sin..." (സങ്കീ. 4:4).

പ്രിയരെ നാം ദൈവത്തെ മറക്കരുത്, ദൈവത്തെ മറന്ന് ഒന്നും ചെയ്യരുത്. ക്രിസ്തു ഇല്ലെങ്കിൽ നാം വെറും പൂജ്യമല്ലേ? "with christ I am a Hero, and without christ I am a Zero" ക്രിസ്തു ഉണ്ടെങ്കിൽ ഞാനൊരു Hero യാണ്. ക്രിസ്തു ഇല്ലെങ്കിൽ ഞാനൊരു പൂജ്യമാണ്. ഞാനിത് എഴുതുമ്പോൾ എന്റെ ജീവിതത്തിലേക്ക് തിരിഞ്ഞ് നോക്കുകയാണ്. എന്റെ ആകെ ബലം യേശു കർത്താവാണ്. യാക്കോബിന്റെ ലേഖനത്തിൽ നാം ഇങ്ങനെ കാണുന്നു.

"ഇന്നോ നാളെയോ ഞങ്ങൾ ഇന്ന പട്ടണത്തിൽ പോയി അവിടെ ഒരാണ്ട് കഴിച്ച് വ്യാപാരം ചെയ്ത് ലാഭമുണ്ടാക്കും എന്ന് പറയുന്നവരേ കേൾപ്പിൻ; നാളത്തേത് നിങ്ങൾ അറിയുന്നില്ലല്ലോ. നിങ്ങളുടെ ജീവൻ എങ്ങനെയുള്ളത്? അൽപ്പനേരത്തേയ്ക്ക് കാണുന്നതും, പിന്നെ മറഞ്ഞുപോകുന്നതുമായ ആവിയല്ലയോ? (യാക്കോ: 4.13-14) (സ്ഥല പരിമിതി മൂലം വിവരിക്കുന്നില്ല).

ജ്ഞാനികളിൽ ജ്ഞാനിയായ ശലോമോൻ സദൃശ്യവാക്യത്തിൽ പറയുന്നു: "നാളത്തെ ദിവസം ചൊല്ലി പ്രശംസിക്കരുത്. ഒരു ദിവസത്തിൽ എന്തെല്ലാം സംഭവിക്കും എന്ന് അറിയുന്നില്ലല്ലോ? (സദൃശ്യ: 27.1) സഹോദരങ്ങളെ ധനവാനായ ആ മനുഷ്യൻ ദൈവബോധമുള്ളവനായിരുന്നില്ല; ദൈവം അവനെ മൂഢാ എന്നു വിളിച്ചു.

രണ്ടാമത്തെ കാരണം: He was not soul concious അവന്റെ ആത്മാവിനെ കുറിച്ച് അവന് ചിന്തയുണ്ടായിരുന്നില്ല. അവൻ ധനം സമ്പാദിക്കുന്നതും, സമൃദ്ധിയിൽ കഴിയുന്നതും ഈ ലോകത്തിലെ കാര്യങ്ങൾക്ക് വേണ്ടി മാത്രം. നിത്യത അവനൊരു വിഷയമല്ല. ആത്മാവിന്റെ വീണ്ടെടുപ്പ് അവന് വിഷയമല്ല. നിത്യജീവനെക്കുറിച്ച് അവൻ ചിന്തിക്കുന്നില്ല. നിങ്ങളുടെ ജീവൻ എങ്ങനെയുള്ളതെന്ന് തിരുവചനം പറയുന്നു. "അൽപ്പനേരത്തേയ്ക്ക് കാണുന്നതും, പിന്നെ മറഞ്ഞുപോകുന്നതുമായ ആവിയല്ലോ". ഇപ്പോൾ കാണുന്ന ഈ ആവി മറഞ്ഞുപോകുന്നു. ക്ഷണനേരത്തേയ്ക്കുള്ള ഒരു ജീവിതം. വളരെ ക്ഷണികവും നശ്വരവുമായ ജീവിതം.

മൂന്നാമത്തെ കാരണം: He was not death concious അവന് മരണത്തെക്കുറിച്ച് വിചാരമുണ്ടായിരുന്നില്ല. ഓരോ നിമിഷം കഴിയുന്തോറും ജീവിതം ക്ഷയിച്ചുകൊണ്ടിരിക്കയാണ്. അന്ത്യത്തിലേക്ക് നീങ്ങിക്കൊണ്ടിരിക്കയാണ്. "സകല ജഡവും പുല്ലുപോലെയും അതിന്റെ ഭംഗി എല്ലാം പുല്ലിന്റെ പൂവു പോലെയും ആകുന്നു. പുല്ലുവാടി, പൂവുതിർന്നുപോയി, കർത്താവിന്റെ വചനമോ എന്നേയ്ക്കും നിലനിൽക്കുന്നു" (1 പത്രോ. 1:24). കർത്തൃദാസൻ പാടുന്നതുപോലെ "ഇന്നു കണ്ടു നാളെ വാടും പൂക്കളെപോലെ"യാണ് നമ്മുടെ ജീവിതം.

നാലാമത്തെ കാരണം: He was not concious of others. He was not others concious മറ്റുള്ളവരെക്കുറിച്ച് കരുതലില്ല. മറ്റുള്ളവരെക്കുറിച്ച് കരുതലുണ്ടായിരുന്നില്ല. "എനിക്ക് ഏറിയ ആണ്ടുകൾക്കും മതിയായ അനവധി വസ്തുവകകൾ സ്വരൂപിച്ച് വച്ചിരിക്കുന്നു...... ഞാൻ ഇതു ചെയ്യും...... കളപ്പുരകളെ പൊളിച്ച് .......... വിളവും വസ്തുവകയും അതിൽ കൂട്ടിവെയ്ക്കും". എല്ലാം ഞാൻ, എനിക്ക്, എന്റെ, എല്ലാം എന്നാണ്. എല്ലാം എന്നിൽ തങ്ങിനിൽക്കുന്നു.

മരണമുണ്ട്, ഞാൻ ഒരു ദിവസം കടന്നുപോകും എന്ന ചിന്തയുണ്ടെങ്കിൽ മറ്റാരെയും നൊമ്പരപ്പെടുത്താൻ തോന്നുകയില്ല. മറ്റാരെയും ഉപദ്രവിക്കാനും, അപമാനിക്കാനും, അപഹരിച്ചെടുക്കാനും തോന്നുകയില്ല. ഞാൻ ഇതെല്ലാം വിട്ടുപോകുമെന്ന ചിന്ത വന്നാൽ, എപ്പോഴും നമ്മുടെ ഹൃദയം ആർദ്രമായിരിക്കും, എപ്പോഴും നമ്മുടെ ഹൃദയം സ്നേഹോഷ്മളമായിരിക്കും. അതിനാൽ നമ്മുടെ ജീവിതം മറ്റുള്ളവരെക്കുറിച്ച് കരുതലുള്ളതായിരിക്കട്ടെ.

മഹാനായ അലക്സാണ്ടർ ചക്രവർത്തി മരണാസന്നനായി കിടന്നപ്പോൾ തന്റെ പ്രിയപ്പെട്ടവരെ ഭരമേൽപ്പിച്ച ഒരു സംഭവം കേട്ടിട്ടുണ്ട്. "ഞാൻ മരിച്ചു എന്റെ ശരീരം ശവസംസ്കാരത്തിനായി കൊണ്ടുപോകുമ്പോൾ ശവമഞ്ചത്തിനു പുറത്ത് രണ്ടു ദ്വാരമുണ്ടാക്കി എന്റെ കൈകൾ പുറത്തേയ്ക്ക് ഇട്ടേക്കണം. ലോകം വെട്ടിപ്പിടിച്ച മഹാനായ അലക്സാണ്ടർ ചക്രവർത്തി വെറും കയ്യായിട്ടാണ് പോകുന്നതെന്ന് ലോകം കാണട്ടെ". നാം ഒന്നും അക്കരെദേശത്തേയ്ക്ക് കൊണ്ടുപോകുന്നില്ല. ഈ കാര്യത്തിൽ ദൈവവചനം എത്രയോ വ്യക്തമാണ്. "ഇഹലോക വാസത്തിലേക്ക് നാം ഒന്നും കൊണ്ടുവന്നിട്ടില്ല, ഇവിടെനിന്ന് യാതൊന്നും കൊണ്ടുപോകുവാൻ കഴിയുന്നതുമല്ല. ഉൺമാനും ഉടുപ്പാനും ഉണ്ടെങ്കിൽ മതി എന്ന് നാം വിചാരിക്ക" (തിമോ: 6.7-8). 'ഗുരുവിനെപ്പോലെയാകുന്നത് ശിഷ്യനു മതി' എന്നാണ് കർത്താവ് പറഞ്ഞത്. ഗുരുവിന് ഈ ലോകം യോഗ്യമായിരുന്നില്ലെങ്കിൽ, നമുക്കും ഈ ലോകം യോഗ്യമായിരിക്കയില്ല. ഇത് ഹൃദയത്തിൽ കരുതിയാൽ നാം പരാജയപ്പെടുകയില്ല. ഈ കർത്താവിന്റെ മക്കളായിത്തീരുന്നതാണ് മഹാഭാഗ്യം. പക്ഷെ ഒരു ഉടമ്പടിയുണ്ട്; സഹിച്ചാൽ കൂടെ വാഴും. ഇന്നത്തെ ഭരണകൂടങ്ങൾ തകരുന്നത് ഇളകാത്ത രാജ്യം ഒരുവൻ സ്ഥാപിക്കുവാൻ വരുന്നതിന്റെ മുന്നോടിയാണ്. നമ്മെ ആരേയും 'മൂഢാ' എന്നു വിളിക്കാതിരിക്കാൻ വളരെ ശ്രദ്ധയോടു കൂടെ നമുക്ക് ജീവിക്കാം; പകരം നല്ലവനും വിശ്വസ്തനുമായ ദാസനേ, ദാസിയേ എന്നുള്ള വിളി കേൾക്കാൻ ദൈവം ഏവർക്കും കൃപ ചെയ്യുമാറാകട്ടെ, ആമേൻ. ഒരു മനുഷ്യൻ സർവ്വലോകവും നേടിയാലും, ഞൊടിയിടയിൽ എല്ലാം വിട്ടുപിരിയേണ്ടിവരും എന്ന കാര്യം ഓർമ്മയിൽ ഇരിക്കട്ടെ.

1. "ഒരിക്കലീ ജഗത്തെയും ജഡത്തെയും പിരിഞ്ഞു നാം തിരിക്കണം,
   വിസമ്മതങ്ങളൊന്നുമേ ഫലപ്പെടാ, തിരിച്ചുവന്നിടാത്ത
   യാത്രയാണിതാകയാൽ, കരത്തിലുള്ളതൊക്കെയും
   അതിർത്തിയിൽ ത്യജിക്കണം".
   (മേരിജോൺ, തോട്ടം)

2. "നരനുടെ ജീവിതം എന്നതുപോല, നടനുടെ രംഗം കഴിയും പോലെ
   യവനിക വീഴും കഥകൾ പോലെ, ഒളിയിലൊളിക്കും നിഴലുപോലെ
   മനുഷ്യജീവിതം എത്ര ക്ഷണികം!"
   (ജോർജ്ജ് പീറ്റർ, ചിറ്റൂർ)

## ഏകദിനസമ്മേളനം

| | | |
|---|---|---|
| **സ്ഥലം** | : | **പോത്താനിക്കാട് ബ്രദറൺ സഭാഹാൾ** |
| **തിയതി** | : | **2022 ഡിസംബർ 10 ശനി** |
| **സമയം** | : | **രാവിലെ 9.30 മുതൽ ഉച്ചയ്ക്ക് 1.30 വരെ** |
| **വചനശുശ്രൂഷ** | : | **സുവി. എബി കെ. ജോർജ്, മല്ലശ്ശേരി** |
| **വിഷയം** | : | **വിരുതിനായി ഓടുക (ഫിലിപ്പിയർ 3:14)** |

സഹോദരിസഹോദരന്മാർ പ്രാർത്ഥനയോടെ കൃത്യസമയത്തു വന്നുചേരണമെന്ന് കർത്തൃനാമത്തിൽ അപേക്ഷിക്കുന്നു.

വൈ. എം. ഇ. ഫ്. വാളകം യൂണിറ്റിനുവേണ്ടി

**Babulype, President** **Shiju Thomas M.Y, Secretary**

# YOUNG MEN'S EVANGELICAL FELLOWSHIP PALAKKAD UNIT

## യുവജന സമ്മേളനം
## PHEUGO 2022

DEC 10
2nd
SATURDAY

ക്രിസ്തുയേശുവിൽ സ്നേഹവന്ദനം
കർത്താവിൽ പ്രിയരേ,

ദൈവം അനുവദിച്ചാൽ ഡിസംബർമാസം 10 നു -രണ്ടാം ശനിയാഴ്ച്ച യുവജനങ്ങളുടെ ആത്മിക അഭിവൃദ്ധി ലക്ഷ്യമാക്കി, ചിറ്റൂർ ബ്രദറൺ അസംബ്ലിയുടെയും, പാലക്കാട് യൂണിറ്റിന്റെയും സഹകരണത്തിൽ പാലക്കാട് ജില്ലയിലെ യുവജനങ്ങൾക്കായ് ഒരു ഏകദിന യുവജനസമ്മേളനം നടത്തുവാൻ കർത്താവിൽ ആശ്രയിച്ചു തീരുമാനിച്ചിരിക്കുന്നു.

തീം: ഫ്യൂഗോ 2022 [വിട്ടോടുക]

Flee the Evil Desires [11Tim 2:22 ]

2022 DEC 10 Time 10 am to 4pm
Age 13 മുതൽ

Evg. JIBY PALLIPAD COIMBATORE
Dr. RAISON CHACKO KARIMBA

തുടങ്ങിയവർ മുഖ്യലീഡേഴ്സായി പങ്കെടുക്കുന്ന ഈ ഏകദിന മീറ്റിങ്ങിലേക്ക് സഭയിലെ യുവതി യുവാക്കന്മാരെ പ്രാർത്ഥനാപൂർവ്വം പങ്കെടുപ്പിക്കണമെന്ന് കർത്തൃനാമത്തിൽ അപേക്ഷിക്കുന്നു.

എന്ന്,
ചിറ്റൂർ ബ്രദറൺ അസ്സംബ്ലിക്കുവേണ്ടി
Evg. GEORGE PETER

YMEFനുവേണ്ടി

| പ്രസിഡെന്റ് | സെക്രട്ടറി, | ട്രഷറാർ |
|---|---|---|
| Br.UM JOSE | Br.BINU JOSE | Br. SAJI P GEORGE |

# വൈ.എം.ഇ.എഫ് വടക്കൻവിഭാഗം ട്രസ്റ്റ് അനുധാവന പ്രവർത്തനം-ഛത്തീസ്ഖഡ്

സാക്ഷ്യം വഹിക്കുവാനിടയായി. അനേകർ ഈ ശുശ്രൂഷയിൽ പങ്കാളികളാകുവാൻ കർത്താവ് കൃപ ചെയ്തു. ഈ നാളുകളിൽ പരസ്യപ്രവർത്തനങ്ങൾക്ക് വളരെ എതിർപ്പുകൾ ഉണ്ടെങ്കിലും കർത്താവ് പല നിലയിലും പ്രിയപ്പെട്ടവരിലൂടെ പ്രവർത്തിച്ച് അനേകർ കർത്താവിനെ കണ്ടുമുട്ടുവാൻ, മുന്നോട്ടുവരുവാൻ കർത്താവ് സഹായിച്ചുകൊണ്ടിരിക്കുന്നു. പ്രവർത്തനത്തെയും പ്രവർത്തകരെയും നിരന്തരം പ്രാർത്ഥനയിൽ ഓർക്കുക. ഈ ദിവസങ്ങളിൽ ബാലോദിലെ ഗ്രാമങ്ങളിലുള്ള വിശ്വാസഭവനങ്ങളിൽ ബൈബിൾ ക്ലാസ്സുകളും സുവിശേഷ മീറ്റിംഗുകളും ക്രമീകരിച്ചിരുന്നു. ദൈവവചനതൽപരരായ അനേകർ ഈ മീറ്റിംഗുകളിൽ കടന്നു വന്ന് ദൈവവചനം ശ്രവിക്കുവാൻ ഇടയായിട്ടുണ്ട്. വചനം കേട്ടവരുടെ നിലനിൽപ്പിനായും സഭയുടെ അനുഗ്രഹത്തിനായും നിരന്തരം പ്രാർത്ഥിക്കുക.

10-ാം തീയതി ഭിലായിൽ പ്രവർത്തിക്കുന്ന സുവിഷേഷകൻ അമിത് കാപ്പൻ കൂടിവരുന്ന സഭയിലും അനുഗ്രഹീതമായ ഒരു ബൈബിൾ ക്ലാസ്സ് നടന്നു. 11-ാം തീയതി ലോഹര എന്ന ഗ്രാമത്തിൽ പ്രവർത്തിക്കുന്ന സൈലേന്ദ്രകുമാർ കൂടിവരുന്ന വിശ്വാസികൾക്കും സുവിശേഷതൽപരരായവർക്കും വേണ്ടി ക്രമീകരിച്ചിരുന്ന മീറ്റിംഗുകളും അനുഗ്രഹമായിരുന്നു. 13-ാം തീയതി പക്കാംചോറിലുള്ള സുവിശേഷകന്മാരായ സാംസൺ നൈനാൻ, ബെൻസ് മാത്യു, അസന്ത്കുമാർ കചൂർ എന്നിവർ കൂടിവരുന്ന സഭകളിൽ ക്രമീകരിച്ചിരുന്ന മീറ്റിംഗുകളും അനുഗ്രഹമായിരുന്നു. 14, 15 തീയതികളിൽ ഡോൺഗൺഗോമിൽ പ്രവർത്തിക്കുന്ന സുവിശേഷകൻ അമൽകുമാറിനോട് ചേർന്ന് അനേകം ഗ്രാമങ്ങൾ സന്ദർശിച്ച് ദൈവവചനം അറിയിക്കുവാൻ കർത്താവ് ഇടയാക്കി. ഈ പ്രവർത്തനത്തിലൂടെയും വളരെ സന്തോഷം അനുഭവിപ്പാൻ ഇടയായി. 16-ാം തീയതി കർത്തൃദിനത്തിൽ രാജ്നന്ദ് ഗാവിൽ നെഹ്റുനഗർ എന്ന സ്ഥലത്തെ കർത്തൃദാസൻ അതുല്യാപ്രസാദ് മാസിയോടും കൂട്ടുവിശ്വാസിളോടുമൊത്ത് കർത്താവിനെ ആരാധിപ്പാനും തുടർന്ന് അടുത്തുള്ള മിഷൻ ആശുപത്രി സന്ദർശിച്ച് ദൈവവചനം പങ്കിടുവാനിടയായി. തുടർന്ന് ചില ദിവസങ്ങൾ ബാലോദിലുള്ള ദൈവജനത്തിനായി ക്രമീകരിച്ചിരുന്ന ബൈബിൾ ക്ലാസുകൾ അവിടെയുള്ള ദൈവജനത്തിന് വളരെ അനുഗ്രഹമായിരുന്നു.

വ്യാഴാഴ്ച രാജ്നന്ദ്ഗാവിലെ ഹർഭൂഷൻ രവണയോടൊത്ത് അവിടങ്ങളിലെ വിശ്വാസികളെയും സുവിശേഷതൽപരരെയും കൂട്ടിവരുത്തി ദൈവവചനം അറിയിക്കുകയുണ്ടായി. അനേകർ വന്ന് വചനം കേട്ടിട്ടുണ്ട്. അവരുടെ നിലനിൽപ്പിനായും പ്രാർത്ഥിക്കുക. വെള്ളിയാഴ്ച ദുർഗ്ഗിൽ പ്രവർത്തിക്കുന്ന കർത്തൃദാസൻ ഷിബു തോമസിന്റെ നേതൃത്വത്തിൽ അവിടങ്ങളിലെ 14 സ്ഥലംസഭകളിലെ ദൈവജനത്തെ കൂട്ടിവരുത്തി 3 ദിവസത്തെ ഒരു കോൺഫറൻസ് ക്രമീകരിച്ചിരുന്നതും വളരെ സന്തോഷകരവും അനുഗ്രഹകരവുമായിരുന്നു. 300 ൽ അധികം പേർ ഈ കോൺഫറൻസിൽ പങ്കെടുക്കുകയുണ്ടായി. അനേക ദൈവദാസന്മാരും ഈ ദിവസങ്ങളിലെ ശുശ്രൂഷകൾക്ക് നേതൃത്വം നൽകുകയുണ്ടായി. ഞായറാഴ്ച ആരാധനയോടെ ഈ കോൺഫറൻസ് സമംഗളം പര്യവസാനിച്ചു. ●

ഐ.വി. സാംജി, കെ.സി. സൈമൺ

# വൈ.എം.ഇ.എഫ്. (ND) തൃശ്ശൂർ യൂണിറ്റ്

2022 നവംബർ 21, 22 ദിവസങ്ങളിൽ എരുമപ്പെട്ടിയിൽ സുവിശേഷ ക്യാമ്പ് അനുഗ്രഹീതമായി നടന്നു. 35 സഹോദരന്മാർ ക്യാമ്പിൽ പങ്കെടുത്തു. അനേകം ഭവനങ്ങൾ സന്ദർശിക്കുകയും പരസ്യയോഗങ്ങൾ നടത്തുകയും ചെയ്തു.

ദൈവഹിതമായാൽ വൈ.എം.ഇ.എഫ്. തൃശൂർ യൂണിറ്റിന്റെ ചുമതലയിലും, നെല്ലിക്കുന്ന് സീയോൻ ബ്രദറൺ ചർച്ചിന്റെ സഹകരണത്തിലും, കെ.പി. സോളമൻ സഹോദരന്റെ ഭവനത്തിൽ വെച്ച് 2022 ഡിസംബർ 25 ഞായറാഴ്ച സുവിശേഷ യോഗം നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു.

പ്രസംഗകൻ - **സുവി. എ.ആർ. ഷൈജു കൊടകര**

# സുവിശേഷ ക്യാമ്പ് കൊടുങ്ങല്ലൂർ

ദൈവഹിതമായാൽ വൈ.എം.ഇ.എഫ്. തൃശൂർ യൂണിറ്റിന്റെ ചുമതലയിലും, എബനേസർ ക്രിസ്ത്യൻ ബ്രദറൺ ചർച്ചിന്റെ സഹകരണത്തിലും, 2022 ഡിസംബർ 22, 23 വ്യാഴം, വെള്ളി ദിവസങ്ങളിൽ സുവിശേഷ ക്യാമ്പ് നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. ക്യാമ്പ് ലീഡർ : **ഐ.വി. സാംജി, ചിറക്കോട്**, ബൈബിൾ ക്ലാസ് : **സോജൻ സാമുവേൽ, ചേലക്കോട്ടുകര**, 9.00 ന് : **ഭവനസന്ദർശനം**, 2.45 ന് : **ബൈബിൾ ക്ലാസ്**, 4.00 ന് : **പരസ്യയോഗങ്ങൾ**.

വൈ.എം.ഇ.എഫ്. തൃശൂർ യൂണിറ്റിനുവേണ്ടി
**സെക്രട്ടറി, പി.എ. ഡേവി**, 9846304822

# EVANGELICAL LITERATURE MINISTRIES (ELM) ERNAKULAM

അച്ചടി മാധ്യമങ്ങൾ വഴി സുവിശേഷ സത്യങ്ങൾ അറിയിക്കുക എന്ന ലക്ഷ്യത്തോടെ 1994-ൽ സുവിശേഷീകരണ തൽപരരായ വേർപെട്ട ദൈവജനത്തിൽ ചിലർ പ്രാർത്ഥനാപൂർവ്വം ആരംഭിച്ച ശുശ്രൂഷയാണ് ELM. കഴിഞ്ഞ 28 വർഷത്തോളം വിവിധ ഭാഷകളിൽ സുവിശേഷ സാഹിത്യം അച്ചടിച്ച് ആവശ്യക്കാർക്ക് സൗജന്യമായി വിതരണത്തിന് എത്തിച്ചുകൊടുക്കുന്നതിന് കർത്താവ് സഹായിച്ചു. ELM കഴിഞ്ഞ (2021-22) വർഷത്തിൽ ഒരു ലക്ഷത്തി മുപ്പത്തയ്യായിരം ട്രാക്റ്റുകളും 85000 ചെറുപുസ്തകങ്ങളും അച്ചടിച്ച് വിതരണത്തിന് സജ്ജമാക്കി. കാലഘട്ടത്തിന്റെ ആവശ്യകത തിരിച്ചറിഞ്ഞ് നിലവിലുള്ള ട്രാക്റ്റുകളും ചെറുപുസ്തകങ്ങളും ഡിജിറ്റൽ രൂപത്തിലും ആവശ്യക്കാർക്ക് ലഭ്യമാക്കുന്ന സംവിധാനം രൂപപ്പെടുത്തിവരുന്നു. ഗൂഗിൾ പ്ലേ സ്റ്റോറു വഴി ഇവ ഡൗൺലോഡ് ചെയ്ത് ഉപയോഗിക്കുന്നതിനുള്ള ക്രമീകരണമാണ് ലഭ്യമാക്കുന്നത്. സുവിശേഷീകരണത്തിന്റെ വാതിലുകൾ പലതും അടഞ്ഞു വരുന്ന സാഹചര്യത്തിൽ ഫലപ്രദമായി ഈ മാധ്യമം പരമാവധി പ്രയോജനപ്പെടുത്തുന്നതിനും വ്യാപകമായി ഈ ശുശ്രൂഷ തുടരുന്നതിനും ദൈവജനത്തിന്റെ നിർലോഭമായ സഹകരണവും സാമ്പത്തിക കൂട്ടായ്മയും പ്രാർത്ഥനയും അഭ്യർത്ഥിച്ചുകൊള്ളുന്നു.

**Our Bank Account Details :**

1. State Bank of India, A/c No. 10447803007, IFSC Code : SBIN0008614
2. Canara Bank, A/c No. 43113070001082, IFSC Code: CNRB 0014311

Account Name : Evangelical Literature Ministries

ബിജി മാത്യു സെക്രട്ടറി (ELM),
Mob: 9020433322, Email:elmkochi@gmail.com

# മഹത്വത്തിൽ



**പൂന:** സഹോദരൻ **എസ്. ജി. തോമസ്** (87) (ചേന്നങ്കര, റാന്നി) നവംബർ 21 ന് നിത്യതയിൽ ചേർക്കപ്പെട്ടു. ഭൗതീകശരീരം നവംബർ 24 ന് പൂന ബൈബിൾ സെന്ററിൽ നടന്ന കിർക്കി സഭയുടെ ശുശ്രൂഷകൾക്കുശേഷം സംസ്കരിച്ചു. ദുഃഖഭവനത്തെ പ്രാർത്ഥനയിൽ ഓർക്കുക.



**വെസ്റ്റ്ഓതറ, തിരുവല്ല** : സഹോദരൻ **ബാബു ജോൺ (56)** നവംബർ 15 ന് നിത്യതയിൽ ചേർക്കപ്പെട്ടു, ഭൗതീകശരീരം വെസ്റ്റ്ഓതറ സഭാഹാളിലെ ശുശ്രൂഷകൾക്കുശേഷം സഭാസെമിത്തേരിയിൽ സംസ്കരിച്ചു. ദുഃഖഭവനത്തെ പ്രാർത്ഥനയിൽ ഓർക്കുക.



**മാങ്ങോട്, കാസർഗോഡ്** : സഹോദരി **കുട്ടിയമ്മ ജോർജ് (87)** നവംബർ 12 ന് നിത്യതയിൽ ചേർക്കപ്പെട്ടു, ഭൗതീകശരീരം നവംബർ 14 ന് ഭവനത്തിലെ ശുശ്രൂഷകൾക്ക്ശേഷം എരുത്തുകടവിലുള്ള ബ്രദറൺ സെമിത്തേരിയിൽ സംസ്കരിച്ചു. ദുഃഖഭവനത്തെ പ്രാർത്ഥനയിൽ ഓർക്കുക.



**ഫോർട്ട്കൊച്ചി** : നിത്യതയിലായിരിക്കുന്ന സഹോ. എം.ജെ. റോബർട്ടിന്റെ സഹധർമ്മിണി **മേരിറോബർട്ട് (85)** നിത്യതയിൽ ചേർക്കപ്പെട്ടു. ഭൗതീകശരീരം നവംബർ 26 ന് ശുശ്രൂഷകൾക്കുശേഷം ഫോർട്ട്കൊച്ചി വേളിബ്രദറൺ സഭയുടെ സെമിത്തേരിയിൽ സംസ്കരിച്ചു. ദുഃഖഭവനത്തെ പ്രാർത്ഥനയിൽ ഓർക്കുക.



ചേത്തക്കൽ, റാന്നി : സഹോദരൻ **സാംകുട്ടി മാത്യു (51)** നവംബർ 25 ന് നിത്യതയിൽ ചേർക്കപ്പെട്ടു, ഭൗതീകശരീരം നവംബർ 27 ന് ഭവനത്തിലെ ശുശ്രൂഷകൾക്ക്ശേഷം സഭാസമിത്തേരിയിൽ സംസ്കരിച്ചു. ദുഃഖഭവനത്തെ പ്രാർത്ഥനയിൽ ഓർക്കുക.



ഈരാറ്റുപേട്ട, കോട്ടയം: സഹോ. **ജൈസൻ കെ. ജോൺ (28)** നവംബർ 26 ന് നിത്യതയിൽ ചേർക്കപ്പെട്ടു, ഭൗതീകശരീരം നവംബർ 27 ന് ഭവനത്തിലെ ശുശ്രൂഷകൾക്കുശേഷം ഈരാറ്റുപേട്ട ബ്രദറൺ സെമിത്തേരിയിൽ സംസ്കരിച്ചു. ദുഃഖഭവനത്തെ പ്രാർത്ഥനയിൽ ഓർക്കുക.

## 117th Brethren General Convention 2022-23

### Daily Programme

| Day & Date | 8 am - 9 am | Various sessions between 9.30 am to 1.00pm | രാത്രി യോഗങ്ങൾ 5.45 pm to 9 pm |
|---|---|---|---|
| ഞായർ 25-12-2022 | | | ഉദ്ഘാടന പ്രസംഗം Br. ചാണ്ടപിള്ള ഫിലിപ്പ് പ്രസംഗം Br. എബി കെ ജോർജ് |
| തിങ്കൾ 26-12-2022 | 26 - 12 - 2022 to 31 - 12 - 2022 ബൈബിൾ ക്ലാസ് വിഷയം ക്രിസ്തുവിന്റെ സുവിശേഷത്തിന് യോഗ്യമാംവണ്ണം മാത്രം നടപ്പിൻ ഫിലിപ്യർ 1.27 By ജയിംസ് എം തോമസ് (നെടുമ്പാശ്ശേരി) | Y. M. E. F സമ്മേളനം Chairman: Br. K V ജോസ് YMEF General President. Message Br. ജേക്കബ് പി. മാത്യു " Secretary " Br. തോംസൺ ബി. തോമസ് | " " ജയിംസ് എം. തോമസ് " " ജോസ് മാത്യു |
| ചൊവ്വ 27-12-2022 | | കേരള സുവിശേഷകന്മാരുടെ സമ്മേളനം Chairman: Br. സാം സഖറിയ സുവിശേഷകന്മാരുടെ സാക്ഷ്യങ്ങൾ Message: Br. വർഗീസ് കെ. കുര്യൻ | " " വർഗീസ് കെ. കുര്യൻ " " തോംസൺ ബി തോമസ് |
| ബുധൻ 28-12-2022 | | സോദരി സമാജം Chairman: Br. ചാണ്ടപിള്ള ഫിലിപ്പ് Message: Br. വർഗീസ് കെ കുര്യൻ | " " എബി കെ. ജോർജ് " " ചാണ്ടപിള്ള ഫിലിപ്പ് |
| വ്യാഴം 29-12-2022 | | മിഷൻ സമ്മേളനം (രാജസ്ഥാൻ/ഗുജറാത്ത്) Chairman: Br. Chandappilla Philip (Kottayam) Presentations: Br. T. J. Joseph & Team (Rajasthan) Br. Xaviour Antony, Shaji Varghese & P. T. Varghese (Gujarath) Message: Thomson B. Thomas | " " വർഗീസ് കെ. കുര്യൻ " " ജോസ് മാത്യു |
| വെള്ളി 30-12-2022 | | കുടുംബ സംഗമം (Family Enrichment Programme) Chairman: Br. Jose Mathew Leading: Abraham Thomas (Kochi) & team Message: James M. Thomas | " " തോംസൺ ബി. തോമസ് " " ചാണ്ടപിള്ള ഫിലിപ്പ് |
| ശനി 31-12-2022 | | SBS സമ്മേളനം Teens/Children's fest Chairman: Br. Binu Samuel Leading: Br. Dharmaraj / Godson Valayil and team Message: Br. Abey K. George | " " ജയിംസ് എം. തോമസ് |
| ഞായർ 01-01-2023 | Sunday School 8 am to 9 am Abey K George | Worship Meeting : 9:45 am to 1:15 pm Concluding Message : ജോസ് മാത്യു | |

* 25-12-2022 ഞായർ മുതൽ 31-12-22 ശനിവരെ എല്ലാ ദിവസവും വൈകിട്ട് 5:45 മുതൽ 6:30 വരെ കൺവൻഷൻ ക്വയർ ഗാനശുശ്രൂഷ നിർവ്വഹിക്കുന്നതാണ്. സോദരി സമാജം, കുടുംബ സംഗമം, (for Brethren SPS Fund) എന്നീ കൂടിവരവുകളിൽ സ്തോത്ര കാഴ്ച ഉണ്ടായിരിക്കുന്നതാണ്. ഞായറാഴ്ചത്തെ രണ്ടാംശേഖരണം KEM Fund ലേക്കുള്ളതാണ്.





## ചിന്ത TVS — താഴ്മയ്ക്ക് പ്രതിഫലമായി ദൈവം നൽകുന്ന ഉയർച്ച

ആധുനികയുഗത്തിൽ മനുഷ്യനിൽ നിന്ന് നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന അനേക സ്വഭാവസവിശേഷതകൾ ഉണ്ട്. അതിൽ പ്രധാനപ്പെട്ട ഒരു സ്വഭാവമാണ് താഴ്മ എന്നത്. ആരും പെട്ടെന്ന് സ്വാഗതം ചെയ്യാത്ത ഒരു സ്വഭാവം. താഴ്മ കാണിച്ചാൽ അവൻ ഒന്നിനും കൊള്ളുന്നവനല്ല എന്ന് കരുതുന്ന സമൂഹം. എപ്പോഴും മനുഷ്യൻ ആഗ്രഹിക്കുന്നത് ഏത് സാഹചര്യത്തിൽ ആയാലും ഏത് സമൂഹത്തിൽ ആയാലും ഉയർന്ന് നിൽക്കാൻ തന്നെയാണ്. ആ ചിന്ത പലപ്പോഴും പലരേയും കൂടുതൽ പ്രശ്നങ്ങൾ നയിക്കുകയും അവസാനം നിരാശയിലേക്ക് തള്ളിവിടുകയും ചെയ്യുന്നു. ഇന്ന് സഭകളിൽ പോരും ഇങ്ങനെയുള്ളവരുടെ സാന്നിദ്ധ്യം വർദ്ധിച്ചുവരുന്നു എന്നാണ് പറയുന്നത്. ലോകത്തിന് താഴ്മയുടെ പാത വരച്ചുകാണിച്ചത് ലോകരക്ഷിതാവായ നസ്രായനായ യേശുക്രിസ്തു തന്നെയാണ്. താൻ ഏറ്റവും ഉന്നതനായ സ്ഥാനത്തു നിന്നാണ് സകല മഹത്വവും വെടിഞ്ഞ് ഈ ലോകത്തിലേക്ക് മനുഷ്യനായി താണിറങ്ങിയത്. ആകയാൽ പിതാവായ ദൈവം തന്നെ ഉയർത്തി സകല നാമത്തിനും മേലായ നാമം നൽകുകയും ചെയ്തു. താഴ്മ ഉയരങ്ങളിലേക്കുള്ള ചവിട്ടുപടിയാണ്.

> **ഇന്ന് ലോകത്ത് നടക്കുന്നത് ഉന്നത സ്ഥാനത്തേയ്ക്ക് കയറി ചെല്ലാനുള്ള വാശിയും വ്യഗ്രതയും ആണ് നാം ദർശിക്കുന്നത്. അത് രാഷ്ട്രീയത്തിലായാലും രാഷ്ട്രങ്ങൾ തമ്മിൽ ആയാലും ആത്മീയഗോളത്തിൽ ആയാലും ഈ സ്വാഭാവം യാതൊരു ഉളുപ്പും കൂടാതെ വർദ്ധിച്ചുവരികയാണ്.**

ചില വർഷങ്ങൾക്കുമുമ്പ് അമേരിക്കയുടെ തെക്കൻ പ്രദേശങ്ങളിലുള്ള ഒരു കോളേജ് സന്ദർശിക്കാൻ റോബർട്ട് സ്പിയർ എന്ന ദൈവദാസൻ പോകയുണ്ടായി. അവിടെ അതിഥികളെ താമസിപ്പിക്കുന്നതിനുള്ള സൗകര്യം കുറവായതിനാൽ സ്ഥാപനത്തിന്റെ മേധാവി അദ്ദേഹത്തിന്റെ സ്വന്തം മുറി തന്നെ ഒഴിഞ്ഞുകൊടുത്തു. പിറ്റെ ദിവസം സ്പിയർ ഉണർന്നപ്പോൾ ആരോ മെല്ലെ ശബ്ദം ഉണ്ടാക്കാതെ തനിക്ക് അനുവദിച്ച തന്റെ മുറിയിലേക്ക് കയറിവരുന്നത് കണ്ടു. അത് ആ സ്ഥാപനത്തിന്റെ മേധാവി ആയിരുന്നു. അദ്ദേഹം കണ്ണുകൾ പാതി തുറന്ന് കിടക്കയിൽ തന്നെ അനങ്ങാതെ കിടന്നു. ആ കോളേജിന്റെ പ്രസിഡന്റായ അദ്ദേഹം തന്റെ കിടക്കയ്ക്ക് അരികെ വന്ന് തന്റെ ചെരിപ്പ് എടുത്തുകൊണ്ട് പോകുന്നത് കണ്ട് സ്പിയർ ആശ്ചര്യപ്പെട്ടു. ദൈവദാസൻ സ്പിയർ പതുക്കെ തന്റെ മുറിയുടെ കതക് മെല്ലെ ചാരിയിട്ട് ആ പഴുതിൽക്കൂടെ മേധാവി എന്താണ് ചെയ്യുന്നത് എന്നുനോക്കി. അദ്ദേഹം അൽപം അകലെ ഇരുന്ന് പൊടിപിടിച്ച് മുഷിഞ്ഞ തന്റെ ചെരിപ്പ് പോളിഷ് ചെയ്തുകൊണ്ടിരിക്കുന്ന കാഴ്ചയാണ് കണ്ടത്. അപ്പോൾ താൻ അറിയാതെ കരഞ്ഞുപോയി. കോളേജ് പ്രസിഡന്റിന്റെ ആഥിത്യമര്യാദയും കരുതലും താഴ്മയും താൻ എത്ര മഹാനായ ഒരു മനുഷ്യനായിരുന്നു എന്ന് വെളിപ്പെടുത്തുകയല്ലേ ചെയ്തത്. അതിനുശേഷം ചില വർഷങ്ങൾ ഉന്നതമായ സ്ഥാനത്തേയ്ക്ക് ഉയർത്തപ്പെട്ടു. അദ്ദേഹത്തിന്റെ പരിപൂർണ്ണവിജയത്തിന് പ്രതിഫലമായി ദൈവം അദ്ദേഹത്തെ ഉന്നതപദവിയിലേക്ക് ഉയർത്തുകയാണ് ചെയ്തത്.

പ്രിയ ദൈവജനമേ ഇന്ന് ലോകത്ത് നടക്കുന്നത് ഉന്നത സ്ഥാനത്തേയ്ക്ക് കയറിചെല്ലാനുള്ള വാശിയും വ്യഗ്രതയും ആണ് നാം ദർശിക്കുന്നത്. അത് രാഷ്ട്രീയത്തിലായാലും രാഷ്ട്രങ്ങൾ തമ്മിൽ ആയാലും ആത്മീയഗോളത്തിൽ ആയാലും ഈ സ്വാഭാവം യാതൊരു ഉളുപ്പും കൂടാതെ വർദ്ധിച്ചുവരികയാണ്. എന്തുവിലകൊടുത്തും അത് നേടിയെടുക്കാനുള്ള മനുഷ്യന്റെ ആഗ്രഹം എത്ര അപകടത്തിലേക്കാണ് അവനെ നയിക്കുന്നത്. വളഞ്ഞ വഴിയിലൂടെ ചെന്ന് കയറിയവർ പലരും കുറെ കഴിയുമ്പോൾ താനേ ഇറങ്ങിപ്പോകേണ്ടി വരുന്ന കാഴ്ചയല്ലേ നാം കാണുന്നത്. കർത്താവിന്റെ നുകം ഏറ്റുപറിക്കാത്തവർക്ക് ഉയർച്ചയുടെ സിംഹാസനം കാണുവാൻ പ്രയാസമാണ്. ദാവീദിന്റെ മകനായ അബ്ശാലോമിന് പറ്റിയത് നാം കണ്ടതാണല്ലൊ. താഴ്മയുള്ളവർക്ക് കൃപ നൽകുന്ന ദൈവത്തിന്റെ ബലമുള്ള കൈക്കീഴിൽ താണിരുന്നാൽ തക്കസമയത്ത് ദൈവം നമ്മെ ഉയർത്തും. താഴ്മയ്ക്ക് പ്രതിഫലം ഉണ്ട്. താഴ്മയെന്ന് പറയുന്നത് ഉന്നതത്തിലേക്കുള്ള ലിഫ്റ്റാണ്. ●


**SUVISESHADHWANI**

Fortnightly
Vol. 41 Issue 33
Single Copy Rs. 10/-
Annual Subscription
India Rs. 200/-
Envelope Postage Rs. 3000/-
Please send news and articles to
Chief Editor:
**Sam Zacharia**
H. No. 56/ NV Nagar,
Peroorkada P.O.
Thiruvananthapuram - 695 005.
Tel. +91 9446684828
email: svdtvm2019@gmail.com
*Send your money orders to:*
Managing Editor:
**Joykumar V.K.**
Sharon, Pirayummoodu,
Neyyattinkara P.O.
Thiruvananthapuram - 695 121
Tel. +91 9446022942
Associate Editor :
**Samuel Thomas,** Cheppad
Tel. +91 9495162788
Sub Editors:
**John Joseph** (South Division)
Tel. +91 9496465298
**A.D. James** (North division)
Tel. +91 9446814115
**John Mathews P.** (Malabar Division)
Tel. +91 9605962095
**K.V. Jose** (High Range Division)
Tel. +91 8606083652
Circulation Manager :
**Spurjan K.J.** Balaramapuram
Tel. +91 9495131875



REGISTERED
Reg. No. RN 29475/1978
Postal Reg. No. KL/TV(S)/396/2022-24
Licence No: KL/TV(S)/WPP/251/2022-24
Licensed to Post without prepayment
Date of Publishing: 03-12-2022
If undelivered please return to:
Managing Editor
Suviseshadwani
Sharon, Pirayummoodu,
Neyyattinkara P.O.
Thiruvananthapuram - 695 121.




Printed & Published by Sam Zacharia on behalf of General Y.M.E.F & Printed at : Color Scan, Trivandrum & Published at H. No. 56/ NV Nagar, Peroorkada P.O. Thiruvananthapuram - 695 005. Editor: Sam Zacharia. Design:printechoffset,Trivandrum